പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 91 22.06.2007 ൽ മറുപടിക്ക്

തുറമുഖങ്ങളുടെ വികസനം

ചോദ്യം

ശ്രീ. സി.കെ. സദാശിവൻ:
ശ്രീ. പി. പി അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ്:
ശ്രീ. കെ.വി. അബ്ദുൾഖാദർ:

മറുപടി

ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെൻററികാര്യവും
സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്; | എ) | കേരളത്തിലെ 17 ചെറുകിട തുറമുഖങ്ങളിൽ വികസനസാദ്ധ്യതയുള്ള 6 തുറമുഖങ്ങൾ വികസിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.<br><br>1)വിഴിഞ്ഞം തുറമുഖം<br>വിഴിഞ്ഞം തുറമുഖത്തെ ഒരു അന്താരാഷ്ട്ര ആഴക്കടൽ കണ്ടെയ്നർ പോർട്ടായും ട്രാൻസ്ഷിപ്പ്മെൻറ് ഹബ്ബ് ആയും സ്വകാര്യ പങ്കാളിത്തത്തോടുകൂടി BOT അടിസ്ഥാനത്തിൽ വികസിപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി പുനർദർഘാസ് രേഖകൾ തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്. നിലവിലെ വിഴിഞ്ഞം കാർഗോ ഹാർബറിൽ ചരക്കുഗതാഗതം സാദ്ധ്യമാക്കുന്നതിൻെറ ഭാഗമായി കാർഗോ വാർഫിൻെറ നിർമ്മാണത്തിനായി പുനർ ദർഘാസ് ക്ഷണിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 2) <u>കൊല്ലം (തങ്കശ്ശേരി ) തുറമുഖം</u><br><br>തങ്കശ്ശേരി തുറമുഖവികസനത്തിന്റെ ഭാഗമായി 116 മീറ്റർ നീളമുള്ള വാർഫിന്റെ നിർമ്മാണം , കാർഗോ വാർഫിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. ട്രാൻസിറ്റ് ഷെഡ്, ചുറ്റുമതിൽ, ഗോഡൗൺ എന്നിവയുടെ പ്രവർത്തികൾ ഏർപ്പാടാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. തുറമുഖത്തിന്റെ ഉദ്ഘാടനം നടത്തി, ആദ്യകപ്പലിനെ സ്വീകരിക്കുന്നതിനായി, കസ്റ്റംസ് ഏരിയ നോട്ടിഫൈ ചെയ്യുന്നതിനും പ്ലാന്റ് ക്വാറന്റയിൻ ഇൻസ്പെക്ഷൻ സജ്ജീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3) <u>ആലപ്പുഴ തുറമുഖം</u><br>ആലപ്പുഴ തുറമുഖത്ത് അന്താരാഷ്ട്ര വിനോദ സഞ്ചാരം മുൻനിർത്തി ഒരു മറീനയും ഒപ്പം തന്നെ കാർഗോ തുറമുഖവും സ്ഥാപിക്കുന്നതിനായി, സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനും പദ്ധതി രേഖ തയ്യാറാക്കുന്നതിനുമായി കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനുള്ള Terms of Reference തയ്യാറാക്കി , അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>4) <u>പൊന്നാനി തുറമുഖം</u><br>പൊന്നാനി തുറമുഖം BOT അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിന് ഒരു സ്വകാര്യ പങ്കാളി മുന്നോട്ട് വന്നിട്ടുണ്ട്. Swiss Challenge മാതൃകയിൽ പൊന്നാനി തുറമുഖം വികസിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 5)<u>ബേപ്പൂർ തുറമുഖം</u><br>ബേപ്പൂർ തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനായി, സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനും വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുമായി ഉപദേശകനെ നിയമിക്കാനുള്ള Terms of Reference സർക്കാർ അംഗീകരിച്ചു. അതിൽ അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. ബേപ്പൂർ തുറമുഖത്തിൻെറ വികസനത്തിൻെറ ഭാഗമായി 100മീറ്റർ, 60മീറ്റർ വാർഫ് , ജലവിതരണപദ്ധതി , ട്രാൻസിറ്റ് ഷെഡ്, പാർക്കിംഗ് ഏരിയ, പാസഞ്ചർ ടെർമിനൽ എന്നിവയുടെ നിർമ്മാണം പൂർത്തിയായി. വാർഫിനു മുന്നിൽ ഡ്രഡ്ജിംഗ് ഏർപ്പാടാക്കുന്നതിന് ദർഘാസ് നടപടി സ്വീകരിച്ചു വരുന്നു.<br><br>6)<u>അഴീക്കൽ തുറമുഖം</u><br>കേന്ദ്ര സർക്കാർ അഴീക്കൽ തുറമുഖം നാഷണൽ മാരിടൈം പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, ഇതിന്റെ തുടർനടപടികൾ കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടു സ്വീകരിച്ചുവരുന്നു.അഴീക്കൽ തുറ മുഖം സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനായി 1387കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്, സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനും ടെണ്ടർ രേഖ തയ്യാറാക്കുന്നതിനുമായി ഉപദേശകനെ നിയമിക്കാനുള്ള Terms of Reference സർക്കാർ അംഗീകരിച്ചു. ആദ്യഘട്ട വികസനത്തിൻെറ ഭാഗമായ ബ്രേക്ക് വാട്ടർ നിർമ്മാണം , 226 മീറ്റർ വാർഫിൻെറ നിർമ്മാണം, തുറമുഖ റോഡ് വീതികൂട്ടൽ, ഡ്രഡ്ജിംഗ് എന്നീ പ്രവർത്തികൾ നടന്നുവരുന്നു. തുറമുഖവികസനത്തിനായി 1.8 ഹെക്ടർ സ്ഥലം പൊന്നും വിലക്കെടുക്കാൻ നടപടികൾ പൂർത്തിയായി. തുറമുഖത്തെ നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്ന |

| | | | |
|---|---|---|---|
| | | | റോഡിൻെറ ഇൻവെസ്റ്റിഗേഷൻ നടപടികൾ നടന്നു വരുന്നു. സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ബ്രേക്ക് വാട്ടറിൻെറ നീളം കൂട്ടൽ, മറ്റനുബന്ധസൗകര്യങ്ങൾ, ഡ്രഡ്ജിംഗ് എന്നിവ ഏർപ്പാടാക്കി വരുന്നു. |
| ബി | ഇവ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി ആവിഷ്ക്കരിക്കുമോ; | ബി | ആവിഷ്ക്കരിക്കുന്നതാണ്. |
| സി | തുറമുഖങ്ങളുടെ വികസനത്തിനാവശ്യമായ നിക്ഷേപം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; | സി | തുറമുഖ വികസനത്തിന് വൻ മൂലധന നിക്ഷേപവും ഉയർന്ന സാങ്കേതികവിദ്യയും മാനേജ്മെൻ്റ്പാടവവും വേണ്ടി വരുന്ന സാഹചര്യത്തിൽ സ്വകാര്യ നിക്ഷേപകരുടെ പങ്കാളിത്തത്തോടെ തുറമുഖ വികസനം സാക്ഷാൽത്കരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പബ്ളിക്ക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (PPP) അടിസ്ഥാനത്തിൽ വൻ തോതിൽ സ്വകാര്യ നിക്ഷേപം സമാഹരിച്ച് സർക്കാർ നിയന്ത്രണങ്ങൾ നിലനിർത്തിയും തുറമുഖ ഉടമസ്ഥത സർക്കാരിൽ തന്നെ നിലനിർത്തിയും BOT വ്യവസ്ഥയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |
| ഡി | ഇതിനായി കേന്ദ്രസർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; കേന്ദ്ര സഹായമായി എന്തു തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; | ഡി | തുറമുഖ വികസനത്തിനായി നിലവിൽ കേന്ദ്ര സഹായ പദ്ധതികൾ (Centrally Sponsored Scheme) നിലവിലില്ല. തുറമുഖ വികസനം അടിസ്ഥാന സൗകര്യ വികസനം ആയതിനാലും വർദ്ധിച്ച മൂലധന നിക്ഷേപം വേണ്ടി വരുന്നതിനാലും കേന്ദ്ര സർക്കാരിൻെറ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗിലൂടെ (VGF) പൊതുവായി അടിസ്ഥാനസൗകര്യ പദ്ധതി ചെലവിൻെറ 20% വരെ പരമാവധി VGF സഹായമായി ലഭിക്കുന്ന ഒരു സ്കീം നിലവിലുണ്ട്. എന്നാൽ ഈ VGF പദ്ധതിപ്രകാരമുള്ള നിബന്ധനകൾ മൂലം ഭാരതത്തിലെ ഒരു തുറമുഖത്തിനും ഇത് ലഭിക്കാൻ സാധിച്ചിട്ടില്ല. അഴീക്കൽ തുറമുഖത്തെ നാഷണൽ മാരിടൈം |

| | | | |
|---|---|---|---|
| | | | ഡവലപ്മെൻറ് പ്രോഗ്രാമിൽ( NMDP) ഉൾപ്പെടുത്തി കോസ്റ്റൽ ഷിപ്പിംഗിനായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചാൽ മാത്രമേ എന്തു തുക ലഭ്യമാകുമെന്നറിയാൻ കഴിയുകയുള്ളു. |
| ഇ | ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന ജോലികൾ ആരംഭിച്ചിട്ടുണ്ടോ? | ഇ | ഉണ്ട് |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## 5-ാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 92
## 22.06.2007 - ൽ മറുപടിയ്ക്ക്

## സഹകരണമേഖല ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.കെ.പുരുഷോത്തമൻ:<br>ശ്രീമതി. പി.അയിഷാ പോറ്റി:<br>ശ്രീ. എം.എം.മോനായി:<br>ശ്രീ. കെ.സി.രാജഗോപാലൻ:<br>ശ്രീ. കെ.കെ.ജയചന്ദ്രൻ: | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണമേഖല ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) സഹകരണ മേഖല ശക്തിപ്പെടുത്തുകയും ഊർജ്ജിതപ്പെടുത്തുകയും അഴിമതിരഹിതവും ആക്കുന്നതിന് നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി പ്രാഥമിക വായ്പാ സംഘങ്ങളുടെ പ്രതിനിധികളുടെയും അർബൻ ബാങ്കുകൾ, ജില്ലാ ബാങ്കുകൾ, കാർഷിക ഗ്രാമവികസന ബാങ്കുകൾ, സംസ്ഥാന സഹകരണബാങ്ക്, കൺസ്യൂമർ ഫെഡറേഷൻ, CAPE (Co-operative Academy of Professional Education) SC/ST Federation, Kerafed, വനിതാഫെഡ്, ഹോസ്പിറ്റൽ ഫെഡറേഷൻ, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയൻ, എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, ലേബർ കോൺട്രാക്ട് സംഘങ്ങൾ, PACS Association തുടങ്ങി എല്ലാ വിഭാഗം സംഘങ്ങളുടെ പ്രതിനിധികളും മറ്റും ചിട്ടികൾ നടത്തുന്ന സംഘങ്ങളുടെ പ്രവർത്തനത്തിലുള്ള അപാകതകൾ |

പരിഹരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2006 നവംബർ മുതൽ 2007 ജനുവരി വരെ തുടർന്ന സഹകരണനിക്ഷേപം കേരളീയം പദ്ധതിയിലൂടെയും 2007 മാർച്ച് 1 മുതൽ ആരംഭിച്ച് മാർച്ച് 31-ന് അവസാനിപ്പിച്ച നിക്ഷേപ സമാഹരണ പദ്ധതിയിലൂടെയും 32515.81 കോടി രൂപയുടെ പുതിയ നിക്ഷേപം സമാഹരിക്കാൻ കഴിഞ്ഞു. ഇത് കേരള സഹകരണ ചരിത്രത്തിൽ സർവ്വകാല റിക്കാർഡാണ്. നിക്ഷേപകർ തുകകൾ പിൻവലിച്ച ശേഷം 2980.73 കോടി രൂപ അധിക നിക്ഷേപമായി വിവിധ സഹകരണസ്ഥാപനങ്ങളിൽ സ്വരൂപിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ 1110989 അക്കൗണ്ടുകൾ പുതുതായി ആരംഭിക്കാനും 563.47 കോടി രൂപയുടെ കിട്ടാക്കടം പിരിച്ചെടുക്കാനും കഴിഞ്ഞിട്ടുണ്ട്. ഇത് സഹകരണ മേഖലകളിൽ ഒരു പുതുജീവൻ നൽകുകയുണ്ടായിട്ടുണ്ട്.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം പ്രാഥമിക സർവീസ് സഹകരണസംഘങ്ങൾക്ക് 170 ഉം ജില്ലാ ബാങ്കുകൾക്ക് 24 ഉം ബ്രാഞ്ചുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ വിവിധ പ്രവർത്തനമേഖലകളിൽ 156 പുതിയ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 87 സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകാനുള്ള അപേക്ഷകൾ പരിശോധനയിലാണ്.

നിർമ്മാണരംഗം, മാലിന്യസംസ്കരണ സഹകരണസംഘം, ഡെപ്പോസിറ്റ് കളക്ട് സഹകരണസംഘം തുടങ്ങി നവീന മേഖലയിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ആദ്യമാണ്. കേപ്പിന്റെ പ്രവർത്തനം പുനഃസംഘടിപ്പിച്ചും വൈവിദ്ധ്യവൽ

വിഭാഗത്തിനും എഞ്ചിനീയറിംഗ് വിഭാഗത്തിനും പുതിയ എക്സ്പേർട്ടിനെ നിയമിച്ചു. ഒരു അസംബ്ലി മണ്ഡലത്തിൽ സഹകരണമേഖലയിൽ ഒരു ആശുപത്രിയോ ഒരു എഞ്ചിനീയറിംഗ് കോളേജോ എന്ന നിലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് കുറഞ്ഞ പലിശനിരക്കിൽ കാർഷിക വായ്പ വിതരണം നടത്തുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണമേഖലയിൽ പ്രൊഫഷണൽ കോഴ്സുകൾ ആരംഭിക്കുക വഴി സഹകരണമേഖലയിലെ പ്രവർത്തനം വിപുലമാക്കാൻ സാധിച്ചിട്ടുണ്ട്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദരിദ്ര കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് മംഗല്യസൂത്ര സഹകരണസംഘം വഴി ചുരുങ്ങിയ പലിശ നിരക്കിൽ വായ്പകൾ നൽകാൻ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

സഹകരണമേഖലയിലെ വായ്പകളുടെയും നിക്ഷേപങ്ങളുടെയും പലിശനിരക്ക്, മറ്റ് ദേശസാൽകൃത /സ്വകാര്യബാങ്കുകളുടെ നിരക്കുകളുമായും താരതമ്യം ചെയ്ത് പുതുക്കുന്നതിലൂടെയും പ്രത്യേക നിക്ഷേപ പദ്ധതികൾ ആവിഷ്കരിക്കുന്നതിലൂടെയും സഹകരണ പ്രസ്ഥാനം ശക്തിപ്പെട്ടിട്ടുണ്ട്.

സഹകരണമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, സംസ്ഥാന സഹകരണ യൂണിയന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് ഒരു മാനേജ്മെന്റ് പഠനകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ദുർബ്ബലസംഘങ്ങൾ/എസ്.സി. എസ്.ടി സഹകരണ സംഘങ്ങൾ വനിതാ സഹകരണ സംഘങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിനായി വിവിധ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിവരുന്നു.

സഹകരണ മേഖലയിൽ ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ച് പ്രസ്തുത മേഖല ശക്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

സഹകരണമേഖല ശക്തിപ്പെടുത്തുന്നതിന് 2007 സെപ്റ്റംബറിൽ സഹകരണ കോൺഗ്രസ് എറണാകുളത്ത് വെച്ചും നവംബർ 2007 ന് പാലക്കാട് ജില്ലയിൽ വെച്ച് ഒരു സഹകരണ കാർഷിക വ്യാവസായിക പ്രദർശനം നടത്തുന്നതിനുമുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.

2007-08 സാമ്പത്തികവർഷം ഫ്ളാഗ് ഷിപ്പ് പദ്ധതിയിലുൾപ്പെടുത്തി നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണ സംഘങ്ങളിലൂടെ ചുരുങ്ങിയ പലിശനിരക്കിൽ നടപ്പിലാക്കുന്നതിന് 1000 കോടി രൂപ വായ്പ നൽകാൻ ആലോചനയുണ്ട്. സഹകരണമേഖലയിലൂടെ കാർഷിക അനുബന്ധ നിർമ്മാണ പദ്ധതികളുടെ നടത്തിപ്പിനായി നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിൻകീഴിൽ 500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

സഹകരണവകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് കൂടുതൽ പരിശീലനം നൽകി സംഘങ്ങളുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| d) | സഹകരണ മേഖലയെ അഴിമതി (ഡി) വിമുക്തമാക്കാൻ നടപടി സ്വീകരിക്കുമോ ; | നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംഘങ്ങളിലെ അഴിമതി കർശനമായി തടയുന്നതിനും |

അന്വേഷണം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ഡി.ഐ.ജി യുടെ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക അഴിമതികൾ കണ്ടെത്തിയതിനെതുടർന്ന് കൊല്ലം ജില്ലാ ബാങ്കിന്റെ ഭരണസമിതിയെ പിരിച്ചുവിട്ടിട്ടുണ്ട്. തൃശ്ശൂർ, തിരുവനന്തപുരം എന്നീ ജില്ലാ ബാങ്കുകളിലും കോടികൾ ചോർത്തിയ വൻ അഴിമതികൾ കണ്ടുപിടിക്കപ്പെട്ടതിനെ തുടർന്ന് അവയ്ക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. കേരള സംസ്ഥാന സഹകരണബാങ്കിലും കോടികളുടെ അഴിമതികളും പ്രവർത്തനത്തിൽ ക്രമവിരുദ്ധ നടപടികളും കണ്ടെത്തിയതിനെ തുടർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. അന്വേഷണം തുടർന്നു വരുന്നുണ്ട്. കൂടാതെ അഴിമതി കണ്ടെത്തിയിട്ടുള്ള മറ്റ് വിവിധ സംഘങ്ങൾക്കെതിരെയും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

(സി) ദുർബല സഹകരണസംഘങ്ങളെ സഹായിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ് ;

(സി) ഉദ്ദേശിക്കുന്നുണ്ട്.

പ്രവർത്തനമൂലധനത്തിന്റെ അഭാവത്തിൽ പ്രവർത്തന രഹിതമായ സഹകരണസംഘങ്ങൾക്ക് സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നു. പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിനായി 2007-08 ൽ 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ വയബിൾ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിനും ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളെ വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനും മൊത്ത വ്യാപാര സ്റ്റോറുകൾ ജില്ലാ ബാങ്കിൽ നൽകാനുള്ള വായ്പാ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽപ്പെടുത്തി പരമാവധി ആനുകൂല്യം നൽകുന്നതിനും നടപടിയെടുത്തുവരുന്നു.

ദുർബ്ബല മാർക്കറ്റിംഗ് സഹകരണസംഘങ്ങൾക്കായി പുനരധിവാസ പദ്ധതി പ്രകാരം ഓഹരിമൂലധനം നൽകി വരുന്നു.

ദുർബ്ബല വിഭാഗത്തിൽ വരുന്ന സംഘങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായി വനിതാ സഹകരണസംഘങ്ങൾക്ക് നൽകിവരുന്ന ഓഹരിമൂലധനം 50,000 രൂപയിൽ നിന്ന് ഒരുലക്ഷം രൂപയായും പ്രവർത്തന മൂലധന ഗ്രാന്റ് ഒരു ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. പട്ടികജാതി / പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള വിവിധ പദ്ധതികൾ സർക്കാർ പരിഗണിച്ചുവരുന്നു.

(ഡി) പ്രവർത്തനക്ഷമമല്ലാത്ത അപ്പെക്സ് സഹകരണ സംഘങ്ങളെ പ്രവർത്തനക്ഷമമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

(ഡി) പ്രവർത്തനക്ഷമമല്ലാത്ത അപ്പെക്സ് ഫെഡറേഷനുകളെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള വിവിധ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

[illegible]

**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:93 | 22/06/2007-ൽ മറുപടിക്ക്

## മൂന്നാർ ഭൂമി കൈയേറ്റങ്ങളെക്കുറിച്ചുള്ള കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് കൃഷ്ണൻ നായർ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.കെ.സുധാകരൻ | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(ബഹു.റവന്യൂ വകുപ്പ് മന്ത്രി) |
| എ) മൂന്നാർ ദൗത്യസംഘം ഇതുവരെ സ്വീകരിച്ച നടപടികളെന്തെല്ലാമെന്നു വെളിപ്പെടുത്തുമോ; | എ) മൂന്നാർ ദൗത്യസംഘം, ഉടുമ്പൻചോല, ദേവികുളം താലൂക്കുകളിൽ സർക്കാർഭൂമി അനധികൃതമായി കൈയേറി കെട്ടിടം നിർമ്മിച്ചതായി ലഭിച്ച പരാതികളിന്മേൽ വിശദമായ അന്വേഷണം നടത്തുകയും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ പരിശോധിച്ചപ്പോൾ സർക്കാർസ്ഥലം കൈയേറിയതായി കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കൈയേറ്റങ്ങൾ ഒഴിപ്പിക്കുകയും 91 കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിച്ചത് പൊളിച്ചുനീക്കം ചെയ്യുകയും ചെയ്തു. അനധികൃതമായി കൈയേറിയ സ്ഥലങ്ങളുടെ രേഖകൾ പരിശോധിച്ച് നടപടി സ്വീകരിച്ചു വരികയാണ്. |

(ബി) കയ്യേറ്റഭൂമിയിലെ കെട്ടിടങ്ങൾ ഇടിച്ചു തകർക്കാതെ നിലനിർത്തിക്കൊണ്ട് അവയെ പ്രയോജനപ്രദമായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ ഗൗരവപൂർവ്വം പരിശോധിക്കുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) യും (സി)യും.

ഇടുക്കി ജില്ലയിലെ ഉൾപ്പെട്ടുള്ള ഏലമലക്കാടുകളിലും ദേവികുളം താലൂക്കിലെ കെ.ഡി.എച്ച് വില്ലേജിലെ കണ്ണൻ ദേവൻ ഹിൽസ് (റിസംപ്ഷൻ ഓഫ് ലാന്റ്) നിയമത്തിന്റെ പരിധിയിൽ വരുന്ന ഭൂമിയിലും നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ നിയമം അനുവദിക്കാത്ത സാഹചര്യത്തിൽ അവ നിലനിർത്താനും നിയമം അനുശാസിക്കുന്നില്ല. കൂടാതെ റവന്യൂ പുറമ്പോക്ക്, റോഡ് പുറമ്പോക്ക് മുതലായ ഭൂമിയിൽ കൈയേറി കെട്ടിടനിർമ്മാണം നടത്തുന്നതും അനധികൃതവും അവ 1957-ലെ കേരള ഭൂസംരക്ഷണ നിയമം വകുപ്പ് 5 പ്രകാരം നിയമവിരുദ്ധവുമാണെന്ന് പരിശോധനയിൽ ബോദ്ധ്യമായിട്ടുള്ള അത്തരത്തിലുള്ള കെട്ടിടങ്ങളും, കെട്ടിടഭാഗങ്ങളും നിയമാനുസൃതം പൊളിച്ചുമാറ്റിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (vi) | ഇടിച്ചു തകർത്ത കെട്ടിടങ്ങളെപ്പറ്റിയോ അവ നിൽക്കുന്ന ഭൂമിയെ പറ്റിയോ എന്തെങ്കിലും കേസുകൾ കോടതിയിലെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (vi) | ഉണ്ട്. കേസുകളുടെ വിവരം താഴെ കൊടുക്കുന്നു.<br><br>1. സാജൻ കാസിൽ റിസോർട്ട്, മൂന്നാർ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി)നം. 15068/2007.<br>2. മൂന്നാർ വുഡ്സ് റിസോർട്ട് ഫയൽചെയ്തിട്ടുള്ള ഡബ്ല്യു.പി.(സി)15416/2007<br>3. ബി സിക്സ് റിസോർട്ട്, മൂന്നാർ ഫയൽ ചെയ്തിട്ടുള്ള ഡബ്ല്യു.പി.(സി)15950/07<br>4. റിയാസ് അഹമ്മദ് മുതൽപേർ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി)15249/07<br>5. മേരി ക്വാർട്ടേഴ്സ് & ഐഡിയ സെല്ലുലാർ കമ്യൂണിക്കേഷൻസ് ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 14087/07 & 14134/07 |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 94

22-6-2007- ൽ മറുപടിയ്ക്ക്

## അദ്ധ്യാപക തസ്തികാ സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.അബ്ദുറബ്ബ്<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. യു.സി. രാമൻ | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| **(എ)** അദ്ധ്യാപകരുടെ പ്രൊട്ടക്ഷൻ നയത്തിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br><br>**(ബി)** എയ്ഡഡ് മേഖലയിലെ സംരക്ഷിതരല്ലാത്ത അദ്ധ്യാപകരുടെ തൊഴിൽ സുരക്ഷിതത്വത്തിന് എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; | **(എ) &(ബി)**<br><br>1996-97 അദ്ധ്യയന വർഷംവരെയുള്ള റെഗുലർ ഒഴിവുകളിൽ 14/7/97വരെ നിയമനവും അംഗീകാരവും ലഭിച്ച അദ്ധ്യാപകർക്ക് ഇപ്പോൾ സർക്കാർ സംരക്ഷണം നൽകി വരുന്നുണ്ട്. അതിനുശേഷം സർവ്വീസിൽ വന്നവരുടെ കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| **(സി)** അദ്ധ്യാപകരുടെ നിലവിലുള്ള തസ്തിക നിലനിർത്തുന്നതിന് അദ്ധ്യാപക -വിദ്യാർത്ഥി അനുപാതം 1:40 ആയി നിശ്ചയിച്ച് മുൻകാലങ്ങളിൽ താൽക്കാലികമായി നൽകിയിരുന്ന ഉത്തരവ് ഈ വർഷവും നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | **(സി)** ഇക്കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 95          22/6/2007 ൽ മറുപടിയ്ക്ക്

## വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.പി.വിശ്വൻ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.എം.ജെ.ജേക്കബ്. | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) ഹയർസെക്കണ്ടറിതലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) പ്രീപ്രൈമറിതലം മുതൽ ഹയർ സെക്കന്ററിതലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിലേക്കായി ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005-നെ അടിസ്ഥാനപ്പെടുത്തി കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 ന്റെ കരട് രേഖ രൂപപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററിതലംവരെയുള്ള സിലബസ്, പാഠപുസ്തകം എന്നിവ പരിഷ്കരിക്കുന്നതാണ്. |
| (ബി) പുനഃസംഘടിപ്പിച്ച വിദ്യാഭ്യാസ ഉപദേശക സമിതി ഇതിനായി എന്തെങ്കിലും ശുപാർശ നൽകിയിട്ടുണ്ടോ; | (ബി) വിദ്യാഭ്യാസ ഉപദേശകസമിതി ഇടക്കാല ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. |
| (സി) പാഠ്യപദ്ധതി പരിഷ്കരണത്തിനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (സി) പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ കോർ കമ്മിറ്റി, ഫോക്കസ് ഗ്രൂപ്പ് എന്നിവയ്ക്ക് രൂപം നൽകുകയും, ഫോക്കസ് ഗ്രൂപ്പ് 14 നിലപാട് രേഖകൾ ഉണ്ടാക്കുകയും ഇതിനെ ക്രോഡീകരിച്ച് കേരള പാഠ്യപദ്ധതി ചട്ടകൂട് 2007ന്റെ കരട് രേഖക്ക് രൂപം നൽകകയും ചെയ്തു.. തുടർന്ന് 2008-09 അദ്ധ്യയന വർഷത്തിൽ 1, 3, 5, 7, 9, 11 ക്ലാസ്സുകളിലെയും 2009-10 അദ്ധ്യയന വർഷത്തിൽ 2, 4, 6, 8,10, 12 ക്ലാസ്സുകളിലെയും പാഠപുസ്തകങ്ങൾ, അദ്ധ്യാപകസഹായികൾ എന്നിവ പരിഷ്കരിക്കുന്നതായിരിക്കും |

തുടർച്ച-പുറം2

| | |
|---|---|
| (ഡി) ഇക്കാര്യത്തിൽ ജനകീയ ചർച്ച നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) ഉണ്ട്. പഞ്ചായത്തുതലംവരെ വിവിധ തലങ്ങളിലുള്ള ജനകീയ ചർച്ചയ്ക്കുശേഷം മാത്രമേ കേരള പാഠ്യപദ്ധതി ചട്ടക്കൂട് എന്ന രേഖയ്ക്ക് അന്തിമ രൂപം നൽകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 96** — **22.06.2007 ൽ മറുപടിക്ക്**

**വിഴിഞ്ഞം തുറമുഖനിർമ്മാണത്തിന് റീടെണ്ടർ**

**ചോദ്യം**

ശ്രീ. കെ. ബാബു

ശ്രീ. കെ. അച്ചുതൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**മറുപടി**

ശ്രീ. എം. വിജയകുമാർ

(നിയമവും പാർലമെന്ററികാര്യവും

സ്പോർട്ട്സും യുവജനക്ഷേമവും

തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് റീടെണ്ടർ നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | എ | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് ആവശ്യമായ ദർഘാസ് രേഖകൾ പദ്ധതിയുടെ ഉപദേഷ്ടാക്കളായ IL&FS IDC യുടെ സഹായത്തോടെ തയ്യാറാക്കി വരികയാണ്. പദ്ധതി രേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് 9.3.2007 ലെ സർക്കാർ ഉത്തരവ് (Ms) 09/07/ മതുവ , 15.6.2007 ലെ സർക്കാർ ഉത്തരവ് (Ms) 23/07/മ.തു.വ എന്നിവപ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലെ റേറ്റുകളുടെ അടിസ്ഥാനത്തിൽ പുതുക്കിയ പദ്ധതി ചെലവ് സാങ്കേതിക ഉപദേഷ്ടാക്കൾ തയ്യാറാക്കി വരുന്നു. ജൂലൈ ആദ്യത്തോടെ ടെണ്ടർ പുറപ്പെടുവിക്കാൻ സാധിക്കും. |
| ബി | ഇതിലേയ്ക്ക് ഏതൊക്കെ വിദേശ കമ്പനികൾ സന്നദ്ധത പ്രകടിപ്പിച്ചു; | ബി | 17.04.2007 ൽ നടത്തിയ നിക്ഷേപക സംഗമത്തിൽ 12 വിദേശ കമ്പനികൾ പങ്കെടുത്തു. കമ്പനികളുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| സി | ഇക്കാര്യത്തിൽ എന്തെങ്കിലുംകേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; | സി | ഉണ്ട്.<br>ഭാവിയിൽ ദർഘാസ് രേഖകൾ പ്രസിദ്ധീകരിക്കുമ്പോൾ ദേശീയ പ്രതിരോധവും ആഭ്യന്തരസുരക്ഷിതത്ത്വവും പരിഗണിച്ചു മാത്രമേ ദർഘാസുകൾ വിലയിരുത്താ..വൂ എന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ട്. |
| ഡി | ഇവിടേക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഈ വർഷം എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ? | ഡി | അടിസ്ഥാന സൗകര്യങ്ങളായ റോഡ്/റെയിൽ കണക്ടിവിറ്റി, ജലവിതരണം, വൈദ്യുതി വിതരണം എന്നിവ ഒരുക്കുന്നതിനുള്ള നടപടികൾ ഈ ആവശ്യത്തിനായി രൂപീകരിച്ച വിഴിഞ്ഞം ഇന്റർ നാഷണൽ സീ പോർട്ട് എന്ന സർക്കാർ സ്ഥാപനം സ്വീകരിച്ചു വരുന്നു. റോഡ്/റെയിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് വിശദമായ സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ റെയിൽ ഇൻഡ്യാ ടെക്നിക്കൽ ആൻറ് ഇക്കണോമിക്ക് സർവീസസ് ലിമിറ്റഡ് (RITES) മായി 31.5.2007 ൽ കരാർ ഒപ്പിട്ടു. 4 മാസം കൊണ്ട് പൂർത്തിയാകുന്ന ഈ പഠനത്തിന് 45 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.<br>തുറമുഖത്തിനാവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിനായി വെള്ളായണി കായൽ സ്രോതസ്സായി ഒരു ജലവിതരണ പദ്ധതി നടപ്പിലാക്കുന്നത് കേരള വാട്ടർ അതോറിറ്റിയാണ് . 15 മാസം കൊണ്ട് പൂർത്തീകരിക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ മൊത്തംഅടങ്കൽ ചെലവ് 3.89 കോടി രൂപ ആയിരിക്കും. ഇതു സംബന്ധിച്ച് ഉടനെതന്നെ വാട്ടർ അതോറിറ്റിയുമായി കരാർ ഉണ്ടാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിക്കാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതു സംബന്ധിച്ച് KSEB യുമായി ചർച്ചകൾ നടത്തി വരുന്നു. |

Manjunji

സെക്ഷൻ ഓഫീസർ

3. 95

**ANNEXURE**

Names of foreign firms, which participated in the Investors Meet, held on 17.4.2007

| Sl No. | Name of Company/Group |
|---|---|
| A | Foreign Firms |
| 1 | Consortium comprising Obocon Inc. -USA, KGL Transport-Kuwait, Astra International Indonesia, Unity Infrastructure-Mumbai |
| 2 | Maersk, Denmark (Through Maersk India Pvt. Ltd., Mumbai) |
| 3 | Alberg Ports, Australia |
| 4 | Central Institute for Ship Building Technology& Rosoborone Services, Russia |
| 5 | NISSIN Corporation, Japan |
| 6 | Beckett Rankine, UK |
| 7 | Dubai Ports World |
| 8 | Choice Marine Projects, USA, UK, India |
| 9 | Muralia Properties, SFC Group, Abu -Dhabi |
| 10 | Piloix Christophe, Investors and Developers at France |
| 11 | Cyan Holdings BV, Netherlands |
| 12 | FIDATO, Ranhill Group of Companies, Malaysia. |

Hanghunzi

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 97. | 22.6..2007 -ന് മറുപടിക്ക്

ദുരന്ത കൈകാര്യ അതോറിറ്റി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. രാജു. എബ്രഹാം<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. എ.എം. യൂസഫ്<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ.കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

.....

| | |
| --- | --- |
| (എ) *സംസ്ഥാനത്ത് രൂപീകരിച്ച ' ദുരന്ത കൈകാര്യ അതോറിറ്റി ' മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;* | (എ) ദേശീയ നയത്തിനനുസൃതമായി സംസ്ഥാന നയം രൂപീകരിക്കുക, ദുരന്ത സാദ്ധ്യതാപ്രദേശങ്ങളെ തിരിച്ചറിഞ്ഞ് അപകടഭീഷണി ഒഴിവാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക, ദുരന്ത ഫലങ്ങളുടെ ഗുരുതരാവസ്ഥ ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക, ദുരന്തങ്ങളെ നേരിടുന്നതിനുള്ള കരുത്താർജ്ജിക്കുക, അവയെ നേരിടാനും തരണം ചെയ്യാനുമുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുക, ദുരന്തങ്ങളുടെ രൂക്ഷതയും അനന്തര ഫലങ്ങളും മുൻകൂട്ടി വിലയിരുത്തി പ്രതിരോധ നടപടി |

..........(2)

| | | | |
|---|---|---|---|
| | | | കൾ സ്വീകരിക്കുക, അപകട സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കുക തുടങ്ങിയവയാണ് ദുരന്ത കൈകാര്യ അതോറിറ്റി മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന കർമ്മ പദ്ധതികൾ. ഇവ കൂടാതെ ദുരന്ത നിവാരണ മാർഗ്ഗങ്ങളെക്കുറിച്ച് ഉദ്യോഗസ്ഥർക്കും, സന്നദ്ധ സംഘടനകൾക്കും പരിശീലനം നൽകാനും, സ്കൂൾ കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്ക് ബോധ വൽക്കരണ പഠന- പരിശീലന പരിപാടികൾ ആവിഷ്കരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. സാധാരണ ജനങ്ങളുടെ ആശങ്കയും ഭീതിയും അകറ്റുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികളും ആവിഷ്കരിക്കും. |
| (ബി) | രക്ഷാപ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് അതോറിറ്റി നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ദുരന്തങ്ങൾ നേരിടുന്നതിന് വിവിധ വിഭാഗങ്ങളിലുള്ളവർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (സി) | ഉണ്ട്. വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനകൾ, ഗ്രാമപഞ്ചായത്തു തലത്തിൽ സന്നദ്ധസേവനത്തിനുള്ളവർ (Task Force) എന്നിവർക്കു പരിശീലനം നൽകുന്നതിനും, സ്കൂൾ തലത്തിൽ ബോധവൽക്കരണം നടത്തുന്നതിനും, ദുരന്തങ്ങളെക്കുറിച്ച് അറിയുന്നതിനും അവ നേരിടുന്നതിനും ഉള്ള പരിശീലനം നടത്തുന്നതിനും പരിപാടിയുണ്ട്. |

..........(3)

| | |
|---|---|
| (ഡി) ദുരന്ത നിവാരണത്തിനായി പ്രത്യേക സേന രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) ദുരന്ത നിവാരണത്തിനായി ' ടാസ്ക് ഫോഴ്സ് ' രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 98 22.6.2007 -ന് മറുപടിക്ക്

പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയുടെ കോർപ്പസ് ഉയർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

.....

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സർക്കാരിന്റെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയുടെ കോർപ്പസ് എത്ര കോടി രൂപയാണ് ; | (എ) | സർക്കാരിന്റെ പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയുടെ 2007 - 2008 സാമ്പത്തിക വർഷത്തെ കോർപ്പസ് 94.27 കോടി രൂപയാണ്. |
| (ബി) | ഇതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം എത്ര ശതമാനമാണ്; | (ബി), | ഇതിൽ കേന്ദ്ര സർക്കാർ വിഹിതം 75 ശതമാനവും സംസ്ഥാന സർക്കാർ വിഹിതം 25 ശതമാനവും ആണ്. |
| (സി) | നടപ്പുവർഷം എത്രകോടി രൂപ എന്തെല്ലാം ഇനങ്ങളിൽ ചെലവഴിച്ചു; | (സി) | നടപ്പുവർഷം വിവിധ ഇനങ്ങൾക്ക് അനുവദിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | അടുത്തവർഷം എത്രകോടി രൂപ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിക്കും എന്ന് അറിയിക്കുമോ; | (ഡി) | അടുത്ത സാമ്പത്തിക വർഷത്തേക്ക് ദുരിതാശ്വാസ നിധിയിലേയ്ക്ക് കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള കോർപ്പസ് 98.98 കോടി രൂപയാണ്. |

........ (2)

| | | | |
|---|---|---|---|
| (ഇ) | സുനാമി ദുരിതാശ്വാസത്തിനായി ഈ നിധിയിൽ നിന്നും എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കുമോ; | (ഇ) | സുനാമി ദുരിതാശ്വാസത്തിനായി നടപ്പു സാമ്പത്തിക വർഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (എഫ്) | ദുരിതാശ്വാസ നിധിയുടെ കോർപ്പസ് ഉയർത്തുന്നതിനായി നടപടി സ്വീകരിക്കുമോ? | (എഫ്) | ദുരിതാശ്വാസ നിധിയുടെ കോർപ്പസ് നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാർ ആണ്. |

സെക്ഷൻ ഓഫീസർ.

<u>അനുബന്ധം</u>

| ക്രമ നമ്പർ | ഇനം | അനുവദിച്ച തുക (രൂപയിൽ) |
|---|---|---|
| 1. | വരൾച്ച - കൃഷിനാശം | 15,078 |
| 2. | വരൾച്ച - കുടിവെള്ള വിതരണം | 18,39,60,000 |
| 3. | വെള്ളപ്പൊക്കം - മറ്റിനങ്ങൾ | 38,15,119 |
| 4. | വെള്ളപ്പൊക്കം - കൃഷിനാശം | 2,24,00,000 |
| 5. | വെള്ളപ്പൊക്കം - മരുന്നുവിതരണം | 14,00,000 |
| 6. | വെള്ളപ്പൊക്കം - ഭക്ഷണവും വസ്ത്രവും | 80,50,198 |
| 7. | വെള്ളപ്പൊക്കം - മൃഗസംരക്ഷണം | 5,00,000 |
| 8. | വെള്ളപ്പൊക്കം - തകർന്ന റോഡുകളുടേയും പാലങ്ങളുടേയും അറ്റകുറ്റപണി | 31,50,688 |
| 9. | വെള്ളപ്പൊക്കം - മരിച്ചവരുടെ കുടുംബത്തിനുള്ള ധനസഹായം | 48,00,000 |
| 10. | വെള്ളപ്പൊക്കം - ആളുകളെ മാറ്റിപാർപ്പിക്കൽ | 28,00,000 |
| 11. | വെള്ളപ്പൊക്കം - തകർന്ന വീടുകളുടെ അറ്റകുറ്റപണി | 168,60,000 |
| 12. | വെള്ളപ്പൊക്കം - പരിക്കുപറ്റിയവർക്കുള്ള ധനസഹായം | 26,00,000 |
| 13. | വെള്ളപ്പൊക്കം - മലിനമായ തോടുകളുടേയും അഴുക്കുചാലുകളുടേയും കനാലുകളുടേയും വൃത്തിയാക്കൽ. | 21,26,869 |
| | ആകെ | 25,24,77,952 |

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 99 22/6/2007 ൽ മറുപടിയ്ക്ക്

**പാഠ്യപദ്ധതി പരിഷ്ക്കരണവും സ്കൂളുകളുടെ സമയമാറ്റവും**

| ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ഉത്തരം<br>ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്ക്കരണം സംബന്ധിച്ച കരട് രേഖ തയ്യാറായിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇതിലെ പ്രധാന നിർദ്ദേശങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) പ്രധാന നിർദ്ദേശങ്ങൾ അടങ്ങിയ കരട് രേഖയുടെ സംക്ഷിപ്ത രൂപം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പൊതുവിദ്യാഭ്യാസ മേഖലയിൽ നിന്നും സർക്കാർ സ്കൂളുകളുടെ നിയന്ത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഇക്കാര്യത്തിൽ പുതിയ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല. |
| (ഡി) സ്കൂളുകളുടെ സമയമാറ്റം സംബന്ധിച്ചും അദ്ധ്യാപകരുടെ അച്ചടക്കനടപടി സംബന്ധിച്ചും തീരുമാനമെടുക്കുവാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ; | (ഡി) സ്കൂൾ സമയമാറ്റം സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടില്ല. അദ്ധ്യാപകരുൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽ ലഘുവായ അച്ചടക്ക നടപടികൾ എടുക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരത്തെതന്നെ നൽകിയിട്ടുണ്ട്. |
| (ഇ) സ്കൂളുകളുടെ സമയമാറ്റം മുസ്ലീം കുട്ടികളുടെ മദ്രസ്സാ പഠനത്തെ പ്രതികൂലമായി ബാധിക്കുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) സ്കൂളുകളിലെ സമയമാറ്റം സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ആഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 100</u> <u>22-06-2007-ൽ മറുപടിക്ക്</u>

## <u>"കായിക രംഗത്തെ നൂതന പരിപാടികൾ"</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം.കെ. പ്രേമനാഥ്:<br>ശ്രീ. കെ..പി.മോഹനൻ:<br>ശ്രീ. ജോസ് തെറ്റയിൽ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) | (എ) |
| കേരളത്തിലെ കായിക രംഗം പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം നൂതന പരിപാടികളാണ് നടപ്പാക്കുന്നതെന്ന് വിശദീകരിക്കുമോ; | കേരളത്തിലെ കായിക രംഗം പരിപോഷിപ്പിക്കുന്നതിനു വേണ്ടി ചുവടെ ചേർക്കുന്ന നൂതനമായ വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു.<br><br>(1) സ്പോർട്സ് കൗൺസിൽ വികേന്ദ്രീകരിച്ച് ഗ്രാമതലം വരെ എത്തിക്കുന്നതിന്റെ ഭാഗമായി 2000-ലെ സ്പോർട്സ് ആക്ടിൽ ഭേദഗതി വരുത്തി.<br>(2) അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിന്റെ ഒരു വാർഡിൽ ഒരു കളിസ്ഥലം, പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം/സ്വിമ്മിംഗ് പൂൾ എന്നിവ നിർമ്മിക്കുന്നതാണ്.<br>(3) ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയുടെ പുനരാവിഷ്ക്കരണം.<br>(4) സംസ്ഥാനത്ത് 1-ാം ക്ലാസ്സു മുതൽ 12-ാം ക്ലാസ്സു വരെയുള്ള വിദ്യാർത്ഥികൾക്ക് കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.<br>(5) കേരളത്തിലെ എല്ലാ ജനങ്ങൾക്കും പ്രയോജനകരമായ കേരള സംസ്ഥാന കായിക ക്ഷമതാ പദ്ധതി നടപ്പിലാക്കുന്നതാണ്.<br>(6) സ്പോർട്സ് ക്വോട്ടാ നിയമനം വർദ്ധിപ്പിക്കുന്നതിനും നിർത്തി വച്ചിരുന്ന സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ പുനരാവിഷ്ക്കരിക്കാനും നടപടി നടന്നു വരുന്നു.<br>(7) <u>സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ മേഖലാ കേന്ദ്രങ്ങൾ</u> |

സംസ്ഥാനത്ത് സ്പോർട്ട്സ് രംഗം വികസിപ്പിക്കുന്നതിന് സ്പോർട്ട്സ്അതോറിറ്റി ഓഫ് ഇന്ത്യയുടെ കൂടുതൽ ട്രെയിനിംഗ് സെന്ററുകൾ കേരളത്തിലാരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇവയിൽ പ്രധാനമായവ.

1) ചങ്ങനാശ്ശേരിയിലെ വനിതാ അത്‌ലറ്റിക് അക്കാദമി.
2) കൊല്ലത്ത് ഹോക്കിക്ക് വേണ്ടിയുള്ള സിന്തറ്റിക് ടർഫ്.
3) ആലപ്പുഴയിലെ ജലകായിക പരിശീലന കേന്ദ്രത്തിന്റെ രണ്ടാം ഘട്ട വികസന പദ്ധതി
4) വയനാട് ജില്ലയിൽ അമ്പെയ്ത്ത് കേന്ദ്രം.

ഇവ കൂടാതെ സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ സംസ്ഥാനത്തെ 8 സ്കൂളുകളെ അതിന്റെ എക്സ്റ്റൻഷൻ സെന്ററുകളായി തിരഞ്ഞെടുക്കാൻ തീരുമാനിച്ചതായി അറിയുന്നു.

(8) <u>വിഷൻ 2010</u>
2012-ലെ ഏഷ്യൻ ഗെയിംസിനും തുടർന്ന് വരുന്ന ഒളിമ്പിക്സ് മത്സരങ്ങളിലും കേരളത്തിൽ നിന്നുള്ള കായിക താരങ്ങളെ ഇന്ത്യയ്ക്ക് വേണ്ടി മെഡൽ നേടുന്നതിന് പ്രാപ്തരാക്കുന്നതിനായി ശാസ്ത്രീയമായ ദീർഘകാല പദ്ധതികൾ കൗൺസിൽ വിഭാവനം ചെയ്യുന്നു.

(9) <u>അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ</u>
(1) എച്ച്.എ.ടി.സി.മൂന്നാർ.
കായിക താരങ്ങൾക്ക് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഉദ്ദേശിച്ചു കൊണ്ട് സമുദ്ര നിരപ്പിൽ നിന്നും 1600 മീറ്റർ ഉയർന്ന് നിൽക്കുന്ന ഇടുക്കി ജില്ലയിലെ മൂന്നാറിൽ പരിശീലന സൗകര്യം ഏർപ്പെടുത്തുന്നതിനായി 7.5 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്ന ഒരു പ്രോജക്ട് കൗൺസിൽ പൂർത്തിയാക്കി വരുന്നു. ഇതിനകം 5 കോടി രൂപയോളം ചിലവാക്കിക്കഴിഞ്ഞിട്ടുണ്ട്. ടി പ്രോജക്ട് തീരുന്നതോടു കൂടി അത്‌ലറ്റിക് ട്രാക്ക്, ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ കോർട്ടുകൾ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആവശ്യമായ പാർപ്പിട സൗകര്യം, ഇൻഡോർ സ്റ്റേഡിയം എന്നിവ ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത പ്രോജക്ടിന്റെ പണികൾ വേഗതയോട് കൂടി നടന്നു വരുന്നു.

(2) അക്വാട്ടിക് കോംപ്ലക്സ്, പിരപ്പൻകോട്
5.80 കോടി രൂപ മതിപ്പ് ചിലവ് വരുന്ന ഈ പ്രോജക്ട് ഭാഗികമായി പണി നടന്നിട്ടുള്ളതാകുന്നു. ബാക്കി പണി ത്വരിത

8-190

ഗതിയിൽ നടന്നു വരികയാണ്. ഇവിടെ റേസിംഗ് പൂൾ, ഡൈവിംഗ് പൂൾ, പ്രാക്ടീസ് പൂൾ എന്നിവ ഉൾപ്പെടെയുള്ള പണികളാണ് നടന്നു വരുന്നത്. ഗ്യാലറിയും വിശാലമായ ഹോസ്റ്റൽ സൗകര്യങ്ങളുമുള്ള ഈ പ്രോജക്ടിന്റെ പണി പുരോഗമിക്കുകയാണ്.

3) ഡിസ്ട്രിക് സ്പോർട്ട്സ് കോംപ്ലക്സ്, ആറ്റിങ്ങൽ.

2006-ൽ പണി ആരംഭിച്ച ഈ പ്രോജക്ടിന് 3.5 കോടി രൂപയ്ക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. ഇന്റർനാഷണൽ നിലവാരത്തിലുള്ള ട്രാക്ക്, വിവിധ കായിക ഇനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള വിശാലമായ കളിസ്ഥലങ്ങൾ, ഇൻഡോർ സ്റ്റേഡിയം, പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഉള്ള താമസ സൗകര്യങ്ങൾ എന്നിവ പ്രത്യേകതകളാണ്.

4) കൊച്ചിയിലെ സിന്തറ്റിക് ട്രാക്ക്

പണി ഏകദേശം പൂർത്തിയാക്കിക്കഴിഞ്ഞ ഒരു പ്രോജക്ടാണിത്. 4.7 കോടി രൂപയാണ് ടി പ്രോജക്ടിന് വകയിരുത്തിയിട്ടുള്ളത്. അവസാന ഐറ്റം പണിയായ സിന്തറ്റിക് ട്രാക്കിന്റെ പണികൾ പുരോഗതിയിലാണ്. ഇത് കൂടാതെ ഇടുക്കിയിൽ സൈക്ലിംഗ് വെലോഡ്രോം, വോളിബോൾ അക്കാദമി എന്നിവ നിർമ്മിക്കുന്നതിനും കൗൺസിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി)

കായിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

(ബി)

കായിക മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ഒരു സ്പോർട്ട്സ് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു.

S. Malathy

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
5-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 101**
**22.06.2007 - ൽ മറുപടിക്ക്**

## സഹകരണബാങ്കുകൾ വഴി കുറഞ്ഞ നിരക്കിൽ കാർഷിക വായ്പ

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ. എൻ. ജയരാജ്:<br>ശ്രീ. സി.എഫ്. തോമസ്:<br>ശ്രീ. തോമസ് ഉണ്ണിയാടൻ: | | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണബാങ്കുകൾ വഴി കുറഞ്ഞ നിരക്കിൽ കാർഷിക വായ്പകൾ നൽകുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | സഹകരണ ബാങ്കുകൾ വഴി കുറഞ്ഞ നിരക്കിൽ കാർഷിക വായ്പകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | വയനാട്, കാസർഗോഡ്, പാലക്കാട്, കോട്ടയം, എറണാകുളം ജില്ല ഒഴികെയുള്ള എല്ലാ ജില്ലകളിലെയും 1 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ 5.50% നിരക്കിലും 1 ലക്ഷം രൂപയ്ക്കു മുകളിൽ 3 ലക്ഷം വരെ 6 % നിരക്കിലും നൽകി വരുന്നുണ്ട്.<br><br>ഈ ജില്ലകളെ അപേക്ഷിച്ച് ചെറിയ പലിശനിരക്കിൽ കൂടുതൽ കാർഷിക വായ്പകൾ നൽകിവരുന്ന വയനാട്, കാസർഗോഡ് എന്നീ ജില്ലാ ബാങ്കുകൾ പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾക്ക് 4% നിരക്കിലും പ്രാഥമിക സംഘങ്ങൾ കർഷകർക്ക് |

50000 രൂപ വരെ 5.5%, 50001 മുതൽ 1 ലക്ഷം വരെ 6%, 100001 മുതൽ 3 ലക്ഷം വരെ 7% എന്നീ നിരക്കിലും വായ്പകൾ നൽകിവരുന്നു. കൂടാതെ നബാർഡിൽ നിന്നും പുനർവായ്പകൾ ലഭിക്കാത്തതും എന്നാൽ കൂടുതൽ കാർഷികവായ്പ നൽകുന്നതുമായ പാലക്കാട് ജില്ലയടക്കം എറണാകുളം, കോട്ടയം എന്നീ ജില്ലകളിലെ ജില്ലാ സഹകരണബാങ്കുകൾ 50000 രൂപ വരെ 4%, 50001 മുതൽ 1 ലക്ഷം രൂപ വരെ 4.5% 100001 മുതൽ 3 ലക്ഷം വരെ 5%, എന്നീ നിരക്കുകളിൽ പ്രാഥമിക ബാങ്കുകൾക്കും, പ്രാഥമിക ബാങ്കുകൾ കർഷകർക്ക് 60000 രൂപ വരെ 5.5%, 50001 മുതൽ 1 ലക്ഷം വരെ 6%, 100001 മുതൽ 3 ലക്ഷം വരെ 7% നിരക്കിലും വായ്പകൾ നൽകിവരുന്നു. ഇതു കൂടാതെ പ്രാഥമിക സംഘങ്ങൾ, വലിയ പലിശനിരക്ക് നൽകി സ്വരൂപിക്കുന്ന സ്വന്തം ഫണ്ടിൽ നിന്നും മേൽപ്പറഞ്ഞ ചുരുങ്ങിയ പലിശ നിരക്കിൽ കാർഷിക വായ്പകൾ നൽകുന്നുണ്ട്.

[illegible]

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 102** | **22-06-2007-ൽ മറുപടിക്ക്**

<u>വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി</u>

<u>ചോദ്യം</u>

ശ്രീ.എം.വി.ശ്രേയാംസ്കുമാർ

<u>ഉത്തരം</u>

ശ്രീ.എം.എ.ബേബി
വിദ്യാഭ്യാസവും സാംസ്കാരിക
കാര്യവും വകുപ്പ് മന്ത്രി

| | |
|---|---|
| എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി അനുവദിക്കുന്നതിനുള്ള മാനദണ്ഡം സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്, ന്യൂനപക്ഷ പദവി അനുവദിക്കുന്നതിനുള്ള മാനദണ്ഡം കേരള പ്രൊഫഷണൽ കോളേജ്/ഇൻസ്റ്റിറ്റ്യൂഷൻസ് ആക്റ്റ് - 2006ൽ നിർവചിച്ചിട്ടുണ്ട്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപന പദവി ലഭിച്ചിട്ടുണ്ട്; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡൽഹിയിലെ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ 10 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നല്കിയിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് ന്യൂനപക്ഷ പദവി ലഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാർ അപ്പീൽ നല്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | സി) ന്യൂനപക്ഷ പദവി ലഭിച്ച മേൽ സൂചിപ്പിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ അപ്പീൽ നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ- 103 22.06.2007-ൽ മറുപടിയ്ക്ക്

## സ്വാശ്രയ കോളേജ് പ്രവേശനം

ചോദ്യം

ശ്രീ. ബി. ബാബു പ്രസാദ്

ഉത്തരം

ശ്രീ. എം. എ. ബേബി,
വിദ്യാഭ്യാസവും സാംസ്കാരികകാര്യവും
വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | ഈ വർഷത്തെ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനത്തിൽ കോളേജ് മാനേജുമെൻറുകൾ റിസർവേഷൻ പാലിക്കുവാൻ ബാദ്ധ്യസ്ഥരാണോ; അല്ലെങ്കിൽ എന്തുകൊണ്ട്; | എ) | ഈ വർഷത്തെ പ്രവേശനം സംബന്ധിച്ച് സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ് മെൻറുകളുമായി സർക്കാർ ചർച്ച നടത്തി വരികയാണ്. |
| ബി. | പ്രസ്തുത മാനേജ്മെൻറുകൾ എൻട്രൻസ് കമ്മീഷണർ നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന ലിസ്റ്റിൽ നിന്നും വിദ്യാർത്ഥികൾക്ക് പ്രവേശനം നടത്തുവാൻ ഈ വർഷം ബാദ്ധ്യസ്ഥരാണോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | ബി | സർക്കാർ നടത്തുന്ന സമവായ ചർച്ചകളിൽ കൈക്കൊള്ളുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം നടത്തുന്നത്.. |
| സി | സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജുമെൻറുകൾക്ക് അവരുടെ നിയന്ത്രണത്തിലുള്ള എല്ലാ കോളേജുകളിലും അവർ നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നടത്തുവാനുള്ള സ്വാതന്ത്ര്യം ലഭിച്ചിട്ടുണ്ടോ; അവർ നടത്തുന്ന പ്രവേശനത്തിൽ പാകപ്പിഴകളുണ്ടോ എന്ന് പരിശോധിക്കുവാൻ സർക്കാരിന് അധികാരമുണ്ടോ; എങ്കിൽ എന്തെല്ലാം | സി | ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും വിധികൾ പ്രകാരം പ്രവേശന പരീക്ഷ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയെ അടിസ്ഥാനമാക്കിയുള്ള റാങ്ക് ലിസ്റ്റിൽ നിന്നോ, മാനേജുമെൻറുകളുടെ കൺസോർഷ്യം നടത്തുന്ന പ്രവേശന പരീക്ഷയെ അടിസ്ഥാനമാക്കി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നോ സ്വാശ്രയ മാനേജമെൻറുകൾക്ക് പ്രവേശനം നടത്താനാകും. സ്വകാര്യ |

| | | | |
|---|---|---|---|
| | വിധത്തിലുള്ള പാകപ്പിഴകളെക്കുറിച്ച് പരിശോധിക്കുവാനാണ് സർക്കാരിന് അധികാരമുള്ളതെന്ന് വ്യക്തമാക്കുമോ? | | മെഡിക്കൽ കോളേജ് മാനേജുമെൻറുകളുടെ പ്രവേശന പരിക്ഷ സുതാര്യമാണോ എന്ന് പരിശോധിക്കുവാൻ അഡ്മിഷൻ സൂപ്പർവൈസറി കമ്മറ്റിയ്ക്കും ഫീസ് ഘടനയിലെ പരാതികൾ പരിശോധിക്കുവാൻ ഫീ റെഗുലേറ്ററി കമ്മിറ്റിയ്ക്കും അധികാരമുണ്ട്.. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ- 104 22.06.2007-ൽ മറുപടിയ്ക്ക്

## സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം

ചോദ്യം

ശ്രീ. എം. പ്രകാശൻ മാസ്റ്റർ

ശ്രീ. മഞ്ഞളാംകുഴി അലി

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. പി. ജയരാജൻ

ശ്രീ. കെ. ടി. ജലീൽ

ഉത്തരം

ശ്രീ. എം. എ. ബേബി,

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും

വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടേയും ആശങ്കകൾ ദുരീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്: | (എ) (ബി) & (സി) | സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ വിവിധ രാഷ്ട്രീയ പാർട്ടികളുടെ ഒരു സർവ്വകക്ഷിയോഗം വിളിച്ചു കൂട്ടുകയുണ്ടായി. സമവായത്തിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ സ്വാശ്രയ കോളേജ് മാനേജ് മെന്റ് അസോസിയേഷനുകളുമായി കൂട്ടായും പ്രത്യേകം പ്രത്യേകവും സർക്കാർ ചർച്ചകൾ നടത്തുകയുണ്ടായി. 50: 50 എന്ന സീറ്റ് ധാരണയാണ് സർക്കാർ മുന്നോട്ട് വച്ചിട്ടുള്ളത്. സീറ്റിന്റെയും ഫീസിന്റെയും കാര്യത്തിൽ ചർച്ചകൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. എത്രയും പെട്ടെന്ന് ഉൾപ്പെട്ട്ടിട്ടുള്ള മാനേജ് മെന്റുകളുമായി ഒരു സമവായത്തിൽ എത്തിച്ചേരുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അതേ സമയം കേരള |

| | | | |
|---|---|---|---|
| ബി. | പ്രവേശനം സംബന്ധിച്ച് സ്വാശ്രയ പ്രൊഫഷണൽ കോളേജ് മാനേജ് മെന്റുകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | [illegible] | സ്റ്റേറ്റ് ഇൻഡ്യൻ സിസ്റ്റംസ് ഓഫ് സെൽഫ് ഫിനാൻസിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ, അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, എസ്. യു.റ്റി മെഡിക്കൽ കോളേജ് തുടങ്ങിയ |
| സി | ഈ വർഷം സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് ലിസ്റ്റിൽ നിന്ന് ഏത് അനുപാതത്തിൽ പ്രവേശനം നൽകാൻ കഴിയുമെന്നാണ്. കണക്കാക്കിയിട്ടുള്ളത്; | [illegible] | മാനേജ്മെന്റുകളുമായി സീറ്റ്/ഫീസ് എന്നീ കാര്യങ്ങളിൽ സർക്കാർ ധാരണാപത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട്. |
| ഡി. | സമീപകാലത്തുണ്ടായ കോടതി വിധികളുടെ അടിസ്ഥാനത്തിൽ പുതിയ നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ? | ഡി | തല്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 105 — 22.06.2007 ൽ മറുപടിക്ക്

വിഴിഞ്ഞം തുറമുഖ പദ്ധതി

ചോദ്യം — മറുപടി

ശ്രീ. പി.സി. ജോർജ്ജ് — ശ്രീ. എം. വിജയകുമാർ

(നിയമവും പാർലമെൻററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം തുറമുഖത്തിൻെറ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്; | എ | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന് ആവശ്യമായ ദർഘാസ് രേഖകൾ പദ്ധതിയുടെ ഉപദേഷ്ടാക്കളായ IL&FS IDC യുടെ സഹായത്തോടെ തയ്യാറാക്കി വരികയാണ്. പദ്ധതി രേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് 9.3.2007 ലെ സർക്കാർ ഉത്തരവ് (Ms) 9/07/ മതുവ, 15/06/2007ലെ സർക്കാർ ഉത്തരവ് (Ms) 23/07/മതുവ എന്നിവ പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിലെ റേറ്റിൻെറ അടിസ്ഥാനത്തിൽ പുതുക്കിയ പദ്ധതി ചെലവ് സാങ്കേതിക ഉപദേഷ്ടാക്കൾ തയ്യാറാക്കി വരുന്നു. ടെണ്ടർ ജൂലൈ മാസം ആദ്യം തന്നെ പുറപ്പെടുവിക്കാൻ സാധിക്കും |
| ബി | ഈ തുറമുഖത്തിനു വേണ്ടി എത്ര തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്; | ബി | 3 ഘട്ടങ്ങളിലായി നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഈ പദ്ധതിക്ക് 2003 ലെ നിരക്ക് പ്രകാരം 4360 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. നിലവിലെ നിരക്കനുസരിച്ച് പദ്ധതി ചെലവ് കണക്കാക്കി വരുന്നു. |

| | | | |
|---|---|---|---|
| സി | ഇതിന്റെ നിർമ്മാണം ഏത് രീതിയിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; | സി | ബി. ഒ.ടി. അടിസ്ഥാനത്തിൽ സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടു കൂടിയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. |
| ഡി | ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | ഡി | സ്വകാര്യപങ്കാളിയെകണ്ടെത്തിക്കഴിഞ്ഞാൽ 3 വർഷത്തിനകം പദ്ധതിയുടെ വാണിജ്യ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| ഇ | ഈ പദ്ധതിക്ക് വേണ്ടി വിഴിഞ്ഞത്ത് എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; | ഇ & എഫ് | തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് കടൽ നികത്തി ഭൂമി എടുക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതിനാൽ യാതൊരു ഭൂമിയും ഏറ്റെടുക്കേണ്ടിവരില്ല. എന്നാൽ അടിസ്ഥാന സൗകര്യങ്ങളായ റോഡ്/റെയിൽ മുതലായവക്കായി ഭൂമി ഏറ്റെടുക്കേണ്ടി വരും. അതു സംബന്ധിച്ച് സാദ്ധ്യതാ പഠനം RITES മുഖേന നടന്നുവരുന്നു. |
| എഫ് | ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | | |

Manjusha

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 106 22.06.2007 ൽ മറുപടിക്ക്

വിഴിഞ്ഞം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ജെ. തങ്കപ്പൻ | ശ്രീ. എം. വിജയകുമാർ |
| ശ്രീ. വി.ശിവൻകുട്ടി | (നിയമവും പാർലമെന്ററികാര്യവും |
| ശ്രീ.ആർ. സെൽവരാജ് | സ്പോർട്ട്സും യുവജനക്ഷേമവും |
| ശ്രീ. ആനത്തലവട്ടം ആനന്ദൻ | തുറമുഖവും വകുപ്പു മന്ത്രി) |
| ശ്രീമതി. ജെ. അരുന്ധതി | |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | വിഴിഞ്ഞം അന്തർദേശീയ ട്രാൻസ്ഷിപ്പ്ടെർമിനലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2006 ജൂലൈ മാസത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് വിഴിഞ്ഞം പദ്ധതിയ്ക്ക് സുരക്ഷാ അനുമതി നൽകണമെന്ന് നിവേദനം നൽകുകയുണ്ടായി. 8/2006 ൽ, വിഴിഞ്ഞം പദ്ധതിക്ക് സുരക്ഷാ അനുമതി നൽകാനാവില്ലന്ന് കേന്ദ്ര സർക്കാർ അറിയിച്ചതിനെത്തുടർന്ന് സർവ്വകക്ഷിയോഗം ചേർന്ന് കേന്ദ്ര സർക്കാരിന്റെ മേൽ നിലപാടിൽ പുന: പരിശോധന നടത്തണമെന്ന് പ്രമേയം പാസ്സാക്കി. 31.08.2006 ൽ സർവ്വകക്ഷി പ്രതിനിധി സംഘം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ സന്ദർശിച്ച് സുരക്ഷാനുമതി നിഷേധിച്ച വിഷയം പുന: പരിശോധിക്കണമെന്ന് നിവേദനം നൽകി. 24.11.2006 ൽ വിഴിഞ്ഞം പദ്ധതിക്കായി കേരള സർക്കാർ ശുപാർശ ചെയ്ത ചൈനീസ് കമ്പനികൾ ഉൾപ്പെടുന്ന കൺസോർഷ്യത്തിന് സുരക്ഷാ കാരണങ്ങളാൽ അനുമതി നൽകാനാവില്ലെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയ സാഹചര്യത്തിൽ |

| | | | |
|---|---|---|---|
| | | | 15.12.2006ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സർവ്വകക്ഷിയോഗം വീണ്ടും ചേർന്ന് പദ്ധതി യഥാർത്ഥ്യമാക്കേണ്ട വിവിധ വശങ്ങൾ ചർച്ചചെയ്യുകയും സുതാര്യവും മത്സരാടിസ്ഥാനത്തിലുമുള്ള ആഗോള പുനർ ദർഘാസ് ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഒപ്പം തന്നെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റോഡ്/റെയിൽ , ജലവിതരണം, വൈദ്യുതി വിതരണം എന്നിവയ്ക്കായുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനും ശുപാർശ ചെയ്തു. 9.3.2007ൽ പദ്ധതി പുനർ ലേലം ചെയ്യുന്നതിനും , ദർഘാസ് രേഖകളിലും പദ്ധതിയുടെ സ്ഥാപന ഘടനയിലും മാറ്റങ്ങൾ വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 17.4.2007 ൽ ദർഘാസ് ക്ഷണിക്കുന്നതിനു മുന്നോടിയായി സ്വകാര്യസംരംഭകരെ പങ്കെടുപ്പിച്ചു കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അന്താരാഷ്ട്രതല നിക്ഷേപ സംഗമം നടത്തി. 12 വിദേശ കമ്പനികളടക്കം 43 കമ്പനികളുടെ പ്രതിനിധികൾ പ്രസ്തുത സംഗമത്തിൽ പങ്കെടുത്തു. പദ്ധതിയുടെ ബാഹ്യഅടിസ്ഥാന സൗകര്യങ്ങളിൽ ഒന്നായ റോഡ്/റെയിൽ കണക്ടിവിറ്റിക്കായി കേന്ദ്ര സർക്കാർ സ്ഥാപനമായ Rail India Technical and Economic Services (RITES) നെ ചുമതലപ്പെടുത്താനുള്ള ഭരണാനുമതി 17.4.2007ൽ നൽകി. അതിനെ തുടർന്ന് 31.5.2007 ൽ RITES മായി സാദ്ധ്യതാപഠനത്തിനുള്ള കരാർ ഒപ്പു വെച്ചു. നിക്ഷേപക സംഗമത്തിൽ ഉയർന്നു വന്ന വിവിധ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19.5.2007ൽ കൂടിയ യോഗം ചർച്ച ചെയ്യുകയും അതിനെ തുടർന്ന് ദർഘാസ് രേഖകളിൽ മാറ്റങ്ങൾ വരുത്തുവാൻ അനുവദിച്ചു കൊണ്ട് 15.6.2007 ന് സർക്കാർ ഉത്തരവായി. നിലവിലെ നിരക്കുകളുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ പദ്ധതി ചെലവ് പുതുക്കുന്ന നടപടികൾ സാങ്കേതിക ഉപദേഷ്ടാക്കൾ തയ്യാറാക്കി വരുന്നു. പദ്ധതിയുടെ ഉപദേശകരായ IL&FS IDC യുടെ സഹായത്തോടെ പുനർ ദർഘാസ് രേഖകൾ തയ്യാറാക്കുകയാണ്. തുറമുഖത്തിന് ആവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിനായി വെള്ളായണി കായൽ ജല സ്രോതസ്സായി രൂപീകരിക്കുന്ന പദ്ധതി കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകാൻ തീരുമാനമായി |
| ബി | പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന നിക്ഷേപക സംഗമത്തിൽ എത്ര കമ്പനികൾ പങ്കെടുത്തു; വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഏതെല്ലാം കമ്പനികൾ പങ്കെടുത്തു എന്ന് അറിയിക്കുമോ; | ബി | 17.4.2007 ൽ നടന്ന നിക്ഷേപക സംഗമത്തിൽ മൊത്തം 43 കമ്പനികൾ പങ്കെടുത്തു. അതിൽ 12 എണ്ണം വിദേശകമ്പനികൾ ആയിരുന്നു. അവയുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു |
| സി | പദ്ധതിക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | സി | ഉണ്ട് |
| ഡി | റോഡ്-റെയിൽ കണക്ടിവിറ്റിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | ഡി | റോഡ്-റെയിൽ കണക്ടിവിറ്റിക്കായുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അതിനു വേണ്ടി വിശദമായ സാദ്ധ്യതാപഠനം നടത്തുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ RITES മായി 31.5.2007 ൽ കരാർ ഒപ്പിട്ടു. |
| ഇ | തുറമുഖ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | ഇ | തുറമുഖ നിർമ്മാണത്തിനായുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തിക്കഴിഞ്ഞാൽ ഒരു വർഷത്തിനകം തുറമുഖ നിർമ്മാണം ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |

(signature)
സെക്ഷൻ ഓഫീസർ

**ANNEXURE**

Names of foreign firms, which participated in the Investors Meet, held on 17.4.2007

| Sl No. | Name of Company/Group |
|---|---|
| A | Foreign Firms |
| 1 | Consortium comprising Obocon Inc. -USA, KGL Transport-Kuwait, Astra International Indonesia, Unity Infrastructure-Mumbai |
| 2 | Maersk, Denmark (Through Maersk India Pvt. Ltd., Mumbai) |
| 3 | Alberg Ports, Australia |
| 4 | Central Institute for Ship Building Technology& Rosoborone Services, Russia |
| 5 | NISSIN Corporation, Japan |
| 6 | Beckett Rankine, UK |
| 7 | Dubai Ports World |
| 8 | Choice Marine Projects, USA, UK, India |
| 9 | Muralia Properties, SFC Group, Abu -Dhabi |
| 10 | Piloix Christophe, Investors and Developers at France |
| 11 | Cyan Holdings BV, Netherlands |
| 12 | FIDATO, Ranhill Group of Companies, Malaysia. |

## പന്ത്രണ്ടാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 107

22.6.2007-ൽ മറുപടിയ്ക്ക്

### അളവു-തൂക്ക ഉപകരണങ്ങളുടെ കൃത്യതാ പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.രാജൻ :<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ.പള്ളിപ്രം ബാലൻ :<br>ശ്രീ.രാജാജി മാത്യു തോമസ് :<br>ശ്രീ.എൻ.അനിരുദ്ധൻ : | ശ്രീ.കെ.പി.രാജേന്ദ്രൻ<br>റവന്യൂ വകുപ്പുമന്ത്രി |
| എ) അളവ്- തൂക്ക ഉപകരണങ്ങളുടെ പരിശോധനയും മുദ്രപതിപ്പിക്കലിനുമായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന്; | എ) താലൂക്ക് തലത്തിലും, ജില്ലാ തലത്തിലും, മേഖലാ തലത്തിലും, സംസ്ഥാന തലത്തിലും ലീഗൽ മെട്രോളജി ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. വ്യാപാരികൾ, വ്യവസായികൾ എന്നിവരുടെ കൈവശമുള്ള കോൺത്രാസുകൾ, കട്ടികൾ, കൗണ്ടർ മെഷീനുകൾ, അളവുപാത്രങ്ങൾ, നോൺ ഫ്ലക്സിബിൾ ദൈർഘ്യ അളവുകൾ എന്നീ ഇനങ്ങൾ രണ്ടുവർഷത്തിലൊരിക്കലും മറ്റ് അളവുതൂക്ക ഉപകരണങ്ങൾ വർഷത്തിലൊരിക്കലും, വ്യാപാരി വ്യവസായികളുടെ സ്ഥാപനങ്ങളിൽ ചെന്നോ, താലൂക്ക് തലത്തിൽ മുൻകൂട്ടി അംഗീകാരം നൽകിയിട്ടുള്ള കേന്ദ്രങ്ങളിലോ, ഓഫീസിൽ വച്ചോ ക്യാമ്പ് ചെയ്ത് മുൻകൂർ ഫീസ് വാങ്ങി അളവുതൂക്കങ്ങൾ പരിശോധിച്ച് കൃത്യതയുടെ ഗവൺമെന്റ് മുദ്ര പതിപ്പിച്ച് താലൂക്ക്-ജില്ലാ തല നിർവ്വഹണ ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. |
| ബി) അന്തർദേശീയ നിലവാരത്തിൽ അളവു-തൂക്ക ഉപകരണങ്ങളുടെ പരിശോധന നടത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | ബി) ഉണ്ട്. ഇതിനായി ഇന്ത്യ അംഗമായുള്ള അന്തർദ്ദേശീയ സംഘടനയുണ്ട്. അന്തർദേശീയ തലം മുതൽ കേരളത്തിലെ താലൂക്ക് തലം വരെ ക്രമപ്പെടുത്തിയിട്ടുള്ള സുസജ്ജമായ ഗവൺമെന്റ് സ്റ്റാൻഡേർഡ് അളവുതൂക്ക ലബോറട്ടറികൾ നിലവിലുണ്ട്. ഫ്രാൻസിലുള്ള അന്തർദേശീയ ലബോറട്ടറിയിലെ അളവുതൂക്കങ്ങളുമായി ക്രമപ്പെടുത്തിയ ഇന്ത്യയിലെ ' ദേശീയ അളവു തൂക്ക സ്റ്റാൻഡേർഡുകൾ ' ന്യൂഡൽഹിയിലുള്ള നാഷണൽ ഫിസിക്കൽ ലബോറട്ടറിയിൽ സൂക്ഷിക്കുന്നു. അതിനോട് തുലനപ്പെടുത്തിയ റഫറൻസ് അളവുതൂക്ക സ്റ്റാൻഡേർഡ് |

ഡുകൾ ഇന്ത്യയിൽ വിവിധ മേഖലാ ആസ്ഥാനത്ത് സൂക്ഷിച്ചുകൊണ്ട് അതിനോട് തുലനപ്പെടുത്തിയ അളവുതൂക്ക സെക്കണ്ടറി സ്റ്റാൻഡേർഡുകൾ സംസ്ഥാനതലത്തിലും (ചിലപ്പോൾ റഫറൻസ് ലാബുമാകാം) സൂക്ഷിച്ച് അതിനോട് തുലനപ്പെടുത്തിയ അളവുതൂക്കങ്ങളുടെ വർക്കിംഗ് സ്റ്റാൻഡേർഡുകൾ താലൂക്ക് തലത്തിലുള്ള ലീഗൽ മെട്രോളജി ഇൻസ്പെക്ടർ ഓഫീസിൽ സൂക്ഷിക്കുന്നുണ്ട്. അവ ഉപയോഗിച്ച് വ്യാപാരി-വ്യവസായികളുടെയും മറ്റും അളവുതൂക്കങ്ങളുടെ കൃത്യത പരിശോധിക്കുന്നു. ഇപ്രകാരം സംസ്ഥാനത്തെ അളവുതൂക്ക ഉപകരണങ്ങൾ അന്തർദേശീയ തലത്തിൽ ക്രമപ്പെടുത്തിയിരിക്കുന്നു.

(സി) അളവു-തൂക്ക ഉപകരണങ്ങളുടെ കൃത്യതാ പരിശോധന സുതാര്യവും സുഗമവുമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

(സി) അളവുതൂക്ക ഉപകരണങ്ങളുടെ കൃത്യതാ പരിശോധന ഇപ്പോൾ തന്നെ സുതാര്യവും സുഗമവുമാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.108 22.06.2007-ൽ മറുപടിക്ക്

## കൈവശ ഭൂമിയിലെ പട്ടയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ പി മോഹനൻ എം.എൽ.എ<br>ശ്രീ.ജോസ് തെറ്റയിൽ എം.എൽ.എ<br>ശ്രീ.എം കെ പ്രേംനാഥ് എം.എൽ.എ | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) നിരവധി വർഷങ്ങളായി ഭൂമി കൈവശം വെച്ചവർക്കു പോലും റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കാത്തതിനാൽ പട്ടയം ലഭ്യമാക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>വിവിധ മലയോര ജില്ലകളിൽ പരിശോധന പൂർത്തിയാക്കാത്തതിനാൽ പട്ടയം ലഭ്യമാക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇത് പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ? | ബി) റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കുവാൻ അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. ലഭിച്ചിട്ടുള്ള അപേക്ഷകളിൽ സംയുക്ത പരിശോധന വേഗത്തിൽ പൂർത്തിയാക്കുവാൻ കൂടുതൽ സർവ്വെയർമാരെ നിയോഗിച്ച് നടപടി ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

*നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 109 22-6-2007 ൽ മറുപടിയ്ക്ക്.

## പ്ലസ് വൺ പ്രവേശന മാനദണ്ഡം

| ചോദ്യം:<br>ശ്രീ. എ. പി. അനിൽ കുമാർ :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. സി.പി. മുഹമ്മദ് : | ഉത്തരം:<br>ശ്രീ. എം.എ. ബേബി<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും<br>വകുപ്പ് മന്ത്രി |
|---|---|
| (എ) ഈ വർഷം എസ്.എസ്.എൽ.സി പാസ്സായവർക്ക് ഗ്രേഡ് സർട്ടിഫിക്കറ്റു മാത്രം നൽകുന്ന സാഹചര്യത്തിൽ ഒരേ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനം നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;<br>(സി) ഒരേ ഗ്രേഡ് വാങ്ങി ഒരു സ്കൂളിൽ പ്രവേശനത്തിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാപേർക്കും പ്രവേശനം ലഭ്യമാക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ഇവർക്ക് എന്തു മാനദണ്ഡം അനുസരിച്ചായിരിക്കും പ്രവേശനം നൽകുകയെന്ന് വെളിപ്പെടുത്തുമോ ? | (ബി) & (സി) ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഹയർ സെക്കണ്ടറി പ്ലസ് ടു പരീക്ഷയ്ക്ക് വിദ്യാർത്ഥിക്ക് ഓരോ വിഷയത്തിനും ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം ഗ്രേഡും പോയിന്റും ആദ്യം കണക്കാക്കപ്പെടുന്നു : -

| ഗ്രേഡ് | A+ | A | B+ | B | C+ | C | D+ |
|---|---|---|---|---|---|---|---|
| പോയിന്റ് | 9 | 8 | 7 | 6 | 5 | 4 | 3 |

മേൽ കാണിച്ച ഗ്രേഡ് പോയിന്റുകൾ ഉപയോഗിച്ച് വിഷയങ്ങളുടെ ടോട്ടൽ ഗ്രേഡ് പോയിന്റ് ആദ്യം കണക്കാക്കും. അതിനു ശേഷം വിദ്യാർത്ഥി ആവശ്യപ്പെട്ടിട്ടുള്ള സബ്ജക്റ്റ് കോമ്പിനേഷൻ/ഗ്രൂപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ കോമ്പിനേഷൻ ഗ്രേഡ് പോയിന്റ് അതോടൊപ്പം കൂട്ടി താഴെ പറയുന്ന സൂത്രവാക്യം ഉപയോഗിച്ച് വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് നിർണ്ണയിക്കും (WGPA).

$$W = \frac{G1 + B - M + G2}{T1 + T2}$$

ഇതിൽ W = വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ്.

G1 = എല്ലാ വിഷയങ്ങളുടെയും ഗ്രേഡ് പോയിന്റുകളുടെ തുക.

B = ആകെ ബോണസ് പോയിന്റ്.

(ബോണസ് പോയിന്റ് കാണുന്ന പട്ടിക ചുവടെ കൊടുക്കുന്നു).

| വിഭാഗം | പോയിന്റ് |
|---|---|
| ജവാൻമാരുടെയും എക്സ് സർവ്വീസുകാരുടെയും ആശ്രിതർ | 3 |
| എൻ.സി.സി, സ്കൗട്ട്സ്/ഗൈഡ്സ് അതേ സ്കൂളിൽ നിന്ന് SSLC- ക്ക് പഠിച്ച് തുടർ പഠനത്തിന് അർഹത നേടിയ വിദ്യാർത്ഥി | 2 |
| അതേ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകൾ | 1 |
| അതേ താലൂക്ക് | 1 |
| ഗവൺമെന്റ്/ എയ്ഡഡ് സ്കൂൾ നിലവിലില്ലാത്ത പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് അതേ താലൂക്കിന് നൽകുന്ന ഗ്രേഡ് പോയിന്റ് | 1 |

M = കുറക്കേണ്ട പോയിന്റ് (ആദ്യ തവണ തന്നെ SSLC- യോ തത്തുല്യ പരീക്ഷയോ ജയിക്കാത്ത അപേക്ഷകരുടെ ചാൻസൊന്നിന് 1 പോയിന്റ് വീതം കുറവ് ചെയ്യാം)

G2 = വെയിറ്റേജ് കൊടുക്കേണ്ട വിഷയങ്ങളുടെ ഗ്രേഡ് പോയിന്റുകളുടെ തുക.

T1 = SSLC -യിലുള്ള വിഷയങ്ങളുടെ എണ്ണം

T2 = വെയിറ്റേജ് കൊടുക്കേണ്ട വിഷയങ്ങളുടെ എണ്ണം.

മുകളിൽ സൂചിപ്പിച്ച പ്രകാരം WGPA കണക്കാക്കി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

ഒന്നിലേറെ അപേക്ഷകർക്ക് ഒരേ WGPA ലഭിച്ചാൽ അവർ ഗ്രൂപ്പിന് കോമ്പിനേഷന് രേഖപ്പെടുത്തിയിട്ടുള്ള പ്രിഫറൻസിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകും. അടുത്ത ഘട്ടമായി വെയ്റ്റേജിന് കണക്കിലെടുത്ത വിഷയങ്ങളുടെ ഉയർന്ന GPA പരിഗണിക്കും.

എന്നിട്ടും പരിഹാരമായില്ലെങ്കിൽ ഇംഗ്ലീഷിന്റെ ഉയർന്ന ഗ്രേഡ് പോയിന്റ് നോക്കും. അടുത്ത ഘട്ടമായി രണ്ടാം ഭാഷയുടെ ഗ്രേഡ് പോയിന്റ് പരിഗണിക്കും. ടൈ പിന്നെയും നിലനിൽക്കുകയാണെങ്കിൽ അപേക്ഷകരുടെ പ്രാദേശിക പശ്ചാത്തലം മാനദണ്ഡമാക്കും. പ്രാദേശിക പശ്ചാത്തലം നിശ്ചയിക്കുന്നതിനായി ആദ്യം അതേ സ്കൂൾ, തുടർന്ന് പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ അതിനു ശേഷം താലൂക്ക്, അതു കഴിഞ്ഞ് ജില്ല എന്നിങ്ങനെ മുൻഗണനാക്രമം സ്വീകരിക്കും.

ഇനിയും ഒന്നിലേറെപ്പേർ തുല്യ നിലയിൽ അവശേഷിക്കുന്നുണ്ടെങ്കിൽ അവരുടെ കലാകായിക മത്സരങ്ങളിലെ നേട്ടങ്ങളും, ആവശ്യമെങ്കിൽ അടുത്ത പടിയായി പാഠ്യേതര പ്രവർത്തനങ്ങളിലെ മികവും തെളിവുകളുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് പ്രവേശനം നൽകും.

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം:നം: 110

22.6.2007 ന് മറുപടിക്ക്

## ഫിലിംസിറ്റി പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ :<br>ശ്രീ. ടി.വി.കുഞ്ഞുണ്ണി :<br>ശ്രീ.എം.എ. മോനായി:<br>ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ.എം.എ. ബേബി<br>(ബഹുമാനപ്പെട്ട വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) വീഡിയോ, സി.ഡി. നിർമ്മാണ യൂണിറ്റ്, ടി.വി.ഫിലിം പ്രൊഡക്ഷൻ സെന്റർ, ഫിലിം ഫിനാൻസ് ഏജൻസി രൂപവൽക്കരണം, മൾട്ടി മാക്സ് തിയേറ്റർ സ്ഥാപിക്കൽ, ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വികസന പദ്ധതികൾ സ്വകാര്യ പൊതുമേഖലാ പങ്കാളിത്തത്തോടെ സർക്കാർ അംഗീകാരത്തിന് വിധേയമായി നടപ്പാക്കാൻ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) കോർപ്പറേഷന്റെ കീഴിലുള്ള തീയറ്ററുകൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |

---

| | | | |
|---|---|---|---|
| (സി) | കോർപ്പറേഷൻ തിരുവല്ലത്തു സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഫിലിം സിറ്റി പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (സി) | ഒരു ഫിലിം സ്റ്റുഡിയോ എന്നതിലുപരി ചിത്രാഞ്ജലി സ്റ്റുഡിയോയെ ഒരു ഫിലിം സിറ്റിയാക്കി രൂപപ്പെടുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. 70 ഏക്കർ സ്ഥലത്തും സിനിമാ നിർമ്മാണത്തിന് ആവശ്യത്തിനുള്ള എല്ലാ ആധുനിക സജ്ജീകരണങ്ങളും ഒരേ സ്ഥലത്ത് ലഭ്യമാക്കുക, ഫിലിം ഫീൽഡിലുള്ള വിവിധ തരം ആൾക്കാർക്ക് ഒത്തുകൂടാനുള്ള സൗകര്യം. കോർപ്പറേറ്റ് മീറ്റിംഗുകൾ, കോൺഫറൻസുകൾ എന്നിവ നടത്താനുള്ള സൗകര്യങ്ങളൊരുക്കുക. ആകർഷകമായ ലാൻഡ് സ്കേപിംഗ്, ഗാർഡൻ. ജലധാര. റസ്റ്റാറന്റ് എന്നിവ ഒരുക്കുക. 70 ഏക്കറിൽ പരന്നു കിടക്കുന്ന സ്റ്റുഡിയോ ഭൂമിയിൽ പല തരത്തിലും ഇനത്തിലുമുള്ള ഫലവൃക്ഷങ്ങൾ. പൂമരങ്ങൾ എന്നിവ നട്ടുവളർത്തി മൊത്തത്തിൽ മനോഹരമാക്കി സിനിമാ നിർമ്മാതാക്കളെ കൂടുതലായി ആകർഷിക്കുക, സിനിമാ/സീരിയൽ ചിത്രീകരണങ്ങൾക്കാവശ്യമായ വിവിധ തരം സെറ്റുകൾ സജ്ജമാക്കുക എന്നിവയെല്ലാം ചിത്രാഞ്ജലി ഫിലിം സിറ്റിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. അടുത്ത മൂന്നു വർഷം കൊണ്ട് പൂർണ്ണ സജ്ജമാകുമ്പോൾ അമച്വർ ഫിലിം പ്രൊഡക്ഷൻ സൗകര്യവും, സന്ദർശകർക്ക് ആകർഷകമായ ഒട്ടേറെ കാഴ്ചകളും ലഭ്യമാകുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി സർക്കാർ എന്തു തുക അനുവദിച്ചിട്ടുണ്ട്; പദ്ധതി എന്ന് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; | (ഡി) | ഇതുവരെ സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ഒന്നും ലഭ്യമാക്കിയിട്ടില്ല. ഫിലിം സിറ്റിയുമായി ബന്ധപ്പെട്ട പ്രാഥമിക പ്രവർത്തനങ്ങൾ കോർപ്പറേഷനിൽ ലഭ്യമായ ഫണ്ടും മനുഷ്യ വിഭവ ശേഷിയും മറ്റും ഉപയോഗപ്പെടുത്തിയാണ് ചെയ്യുന്നത്. 3 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. |

(ഇ) കേരളത്തിലെ സിനിമാ നിർമ്മാതാക്കൾക്ക് ഈ പദ്ധതി എത്ര മാത്രം പ്രയോജനം ചെയ്യും എന്ന് വ്യക്തമാക്കുമോ ?

(ഇ) ഫിലിം സിറ്റി പൂർത്തിയാകുന്നതോടെ പ്രവർത്തനക്ഷമമാകുമ്പോൾ മലയാള ചലച്ചിത്ര നിർമ്മാണത്തിന് ആവശ്യമായ എല്ലാ വിധ ഉപകരണങ്ങളും സാങ്കേതിക സൗകര്യങ്ങളും ഫ്ലോറുകൾ ചിത്രീകരണ സംവിധാനങ്ങളും അനുബന്ധ സംവിധാനങ്ങളും സജ്ജമാക്കുന്നതാണ്. ചലച്ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ട ഒരാവശ്യത്തിനും നിർമ്മാതാക്കൾക്ക് പിന്നെ മറ്റു സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരില്ല. തിരക്കഥയുമായി ചിത്രാഞ്ജലിയിൽ പ്രവേശിക്കുന്ന നിർമ്മാതാവിന് ഫിലിം പ്രിന്റുമായി പുറത്തേക്കു പോകാൻ കഴിയണം എന്നതാണ് ഇതിന്റെ ആത്യന്തിക ലക്ഷ്യം. കൂടാതെ കേരളത്തിലെ എല്ലാ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും പരസ്യ ചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ നിർമ്മിക്കാനുള്ള സജ്ജീകരണങ്ങളും ചിത്രാഞ്ജലി ഫിലിം സിറ്റിയിലുണ്ടാകും.

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 111 — 22-06-2007-ൽ മറുപടിക്ക്

## റാഗിംഗ് വിരുദ്ധ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.എ.പ്രദീപ് കുമാർ | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ റാഗിംഗ് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി)റാഗിംഗുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; വിശദാംശം വെളിപ്പെടുത്തുമോ; | ബി) റാഗിംഗുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം 32 പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ ക്രൈം നമ്പർ പോലീസ് സ്റ്റേഷൻ എന്നിവയുടെ വിവരം അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു. |
| സി)റാഗിംഗ് വിരുദ്ധനിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി കോളേജധികൃതർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | സി) റാഗിംഗ് വിരുദ്ധനിയമം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അദ്ദേഹത്തിന്റെ ഓഫീസ് സർക്കുലറുകൾ ജി2/22995/01/കോ.വി.വ. തീയതി 25/05/01, 29/09/01, 23/11/05 എന്നിവയും 6/06/01 ലെ കത്തും പ്രകാരം എല്ലാ കോളേജ് പ്രിൻസിപ്പാൾമാർക്കും ആവശ്യമായ നിർദ്ദേശം നല്കിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, കോളേജ് തലത്തിൽ സ്ഥാപനമേധാവികളേയും അധ്യാപക/രക്ഷകർത്തൃ സമിതി പ്രതിനിധികളേയും ഉൾപ്പെടുത്തി റാഗിംഗ് വിരുദ്ധ സമിതികൾ രൂപീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും സർക്കുലറുകളും യഥാസമയം നടപടികൾ |

| | |
|---|---|
| | സ്വീകരിക്കുന്നതിനായി എല്ലാ സ്ഥാപന മേധാവികൾക്കും അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) റാഗിംഗ് സംഭവങ്ങൾ പുറത്ത് വരാതിരിക്കുന്നതിനായി കോളേജ് അധികൃതർ ശ്രമിക്കുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ഇല്ല. |
| **ഇ) റാഗിംഗ് നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ തയാറാകുമോ?** | ഇ) റാഗിംഗ് നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനായി 21/11/05 - ലെ സ.ഉ.(സാധാ)നം.1943/2005/ഉ.വി.വ. പ്രകാരം കോളേജ്/വകുപ്പ് അധികൃതർക്ക് മാർഗനിർദേശം നല്കിയിട്ടുണ്ട്. ഇതുകൂടാതെ റാഗിംഗ് പരിപൂർണമായി നിരോധിക്കുന്നതിന് 21/11/06 ലെ 31787/കെ3/2006/ഉ.വി.വ. നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. 1998 ലെ കേരള റാഗിംഗ് നിരോധന ആക്ടിലെ 8-ാം വകുപ്പ് (ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം) അനുസരിച്ച് റാഗിംഗ് നിരോധനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് പുതുക്കിയ ചട്ടങ്ങൾ ഉണ്ടാക്കാനുള്ള നിർദേശവും സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

റാഗിംഗുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്ത 32 കേസുകളുടെ വിവരം.

| പോലീസ് സ്റ്റേഷൻ | ക്രൈംനമ്പർ |
|---|---|
| 1. മംഗലാപുരം | 567/06 |
| 2. വെഞ്ഞാറമൂട് | 652/06 |
| 3. വെഞ്ഞാറമൂട് | 629/06 |
| 4. റാന്നി | 363/06 |
| 5. ഇടുക്കി | 40/06 |
| 6. കളമശേരി | 478/06 |
| 7. കളമശേരി | 534/06 |
| 8. കളമശേരി | 543/06 |
| 9. തൃക്കാക്കര | 322/06 |
| 10. തൃക്കാക്കര | 546/06 |
| 11. കോതമംഗലം | 31/06 |
| 12. പിറവം | 156/06 |
| 13. പെരുമ്പാവൂർ | 551/06 |
| 14. മണ്ണാർക്കാട് | 846/06 |
| 15. മണ്ണാർക്കാട് | 847/06 |
| 16. ഷൊർണൂർ | 350/06 |
| 17. മേലാറ്റൂർ | 75/06 |
| 18. മേലാറ്റൂർ | 77/06 |
| 19. കൊളത്തൂർ | 194/06 |
| 20. തിരൂർ | 750/06 |
| 21. നടക്കാവ് | 345/06 |
| 22. കോഴിക്കോട് മെഡിക്കൽ കോളേജ് | 90/06 |
| 23. കൊയിലാണ്ടി | 719/06 |
| 24. കൊയിലാണ്ടി | 742/06 |
| 25. വടകര | 676/06 |
| 26. മാനന്തവാടി | 487/06 |
| 27. മാനന്തവാടി | 488/06 |
| 28. മാനന്തവാടി | 489/06 |
| 29. പഴയങ്ങാടി | 257/06 |
| 30. ആലക്കോട് | 173/06 |
| 31. കുമ്പള | 211/06 |
| 32. വിയ്യൂർ | 67/06 |

സെക്ഷൻ ഓഫീസർ

1

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 112 22.06.2007- ൽ മറുപടിക്ക്

കയർ വ്യവസായം പുന: സംഘടിപ്പിക്കുന്നതിനു നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ എം. ആരിഫ്<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. സി.കെ. സദാശിവൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി ) |
| (എ) കയർവ്യവസായം പുന:സംഘടിപ്പിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) കയർ വ്യവസായം പുന:സംഘടിപ്പിച്ച് ശക്തിപ്പെടുത്തുന്നതിന് എടുത്ത നടപടികൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. കയർ വ്യവസായം ആധുനികവൽക്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. |
| (ബി) ഇതിനായി കേന്ദ്രസർക്കാരിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) കയർ വ്യവസായം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഡീഫൈബറിംഗ് യൂണിററുകൾ, മാററ്സ് & മാററിംഗ്സ് മാനുഫാക്ച്ചറിംഗ്, ജിയോ ടെക്സ്ററയിൽസ് എന്നിവ നിർമ്മിക്കുന്നതിനുള്ള ഫാക്ടറികൾ സ്ഥാപിക്കാൻ SGSY പദ്ധതിയിൽ ഉൾപ്പെടുത്താൻ കയർഫെഡ് പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. 1480 ലക്ഷം രൂപയുടെ ഈ പദ്ധതി അംഗീകരിച്ച്, കേന്ദ്രസഹായത്തിന്റെ ആദ്യ ഗഡുവായ 354.30 ലക്ഷം രൂപ കയർഫെഡിന് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. |

3 . 112



| | |
|---|---|
| (സി) കയറും ചണവും ചേർത്തുള്ള സങ്കരയാൺ ഉല്പാദിപ്പിക്കുന്നതിനുള്ള ഫാക്ടറി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്; | (സി) ഉണ്ട്. ചകിരിയും ചണവും ചേർത്ത് കൂടുതൽ ഉറപ്പുള്ള സങ്കരയാൺ ഉല്പാദിപ്പിക്കാമെന്ന് NIRJAFT (National Institute of Research for Jute and Fibre Technology )മായി ചേർന്നു കൊണ്ട് NCRMI നടത്തിയ ഗവേഷണ പഠനത്തിൽ തെളിഞ്ഞിരുന്നു. ഇത് വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കാൻ ആവശ്യം വേണ്ടി വരുന്ന മെഷീനറികൾ നിർമ്മിച്ചെടുത്തിട്ടുണ്ട്. ഇത്തരം മെഷീനുകളോടു കൂടിയ ആദ്യത്തെ ഫാക്ടറി സ്ഥാപിക്കാൻ 2007-08 ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബാക്കി വരുന്ന 90 ലക്ഷം രൂപ അഡീഷണൽ കേന്ദ്രസഹായമായി അനുവദിക്കണമെന്ന് പ്ലാനിംഗ് ബോർഡിൽ അപേക്ഷിച്ചിട്ടുണ്ട്. കേരള കയർ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഈ ഫാക്ടറി സ്ഥാപിക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ഡി) കയർ ഉല്പന്നങ്ങൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന റിബേറ്റ് പുനഃ സ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ? | (ഡി) കയർ ഉല്പന്നങ്ങൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന റിബേറ്റ് പുനഃസ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിന് നിവേദനം നൽകിയിരുന്നു. പാർലമെന്റിന്റെ ' **Monsoon Session**' - ന് മുന്നോടിയായി കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ യോഗത്തിൽ ഈ കാര്യവും ചർച്ച ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സെക്ഷൻ ആഫീസർ |

## അനുബന്ധം - 1

- കയർ മേഖലയെ പുനഃ സംഘടിപ്പിക്കുന്നതിനുള്ള അടിസ്ഥാന വിവരങ്ങൾ സമാഹരിക്കുന്നതിന് കയർഫെഡ് നടപടി ആരംഭിച്ചിട്ടുണ്ട്.
- കയർ വ്യവസായ സഹകരണ സംഘങ്ങൾ സർക്കാരിനും എൻ.സി.ഡി.സി. യ്ക്കും നൽകാനുള്ള കടബാദ്ധ്യത ഓഹരി മൂലധനമാക്കി മാററി സംഘങ്ങളുടെ ധനസമാഹരണ പ്രാപ്തി വർദ്ധിപ്പിച്ച് സംഘങ്ങളെ പ്രവർത്തന ക്ഷമമാക്കുന്നതാണ്.
- കയർ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി One time settlement നടത്തുന്നതിനുള്ള നടപടി എടുത്തു വരുന്നുണ്ട്.
- കയർ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു നൂതന പുനരുദ്ധാരണ പദ്ധതി കഴിഞ്ഞ വർഷം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. സംഘങ്ങളെ ശക്തിപ്പെടുത്തുന്ന പദ്ധതി പ്രകാരം 430 കയർ സഹകരണ സംഘങ്ങൾക്കായി 1982.70 ലക്ഷം രൂപ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയ്ക്കു വേണ്ടി ഈ വർഷം കൂടുതൽ ധനസഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.
- കയറിനും കയറുല്പന്നങ്ങൾക്കും ശരിയായ വില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടെയും ഡിപ്പോകളുടെയും ചൂഷണത്തിൽ നിന്നും കയർ മേഖലയെ രക്ഷപ്പെടുത്തുന്നതിനുമായി ചെറുകിട ഉല്പാദകരെയും സഹകരണ സംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് Purchase Price Enforcement Scheme നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി കയറും കയറുല്പന്നങ്ങളും കേരളാ കയർ കോർപ്പറേഷൻ വഴിയും കയർഫെഡു വഴിയും ന്യായവിലയക്ക് സംഭരിക്കുകയും ഉല്പാദത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യും. സ്വകാര്യ കയററുമതിക്കാർ അവർക്കാവശ്യമായി വരുന്ന കയററു മതിയ്ക്കുള്ള കയർ ഉല്പന്നങ്ങൾ ഈ സംഭരണകേന്ദ്രങ്ങളിൽ നിന്നും വാങ്ങണമെന്ന് നിഷ്ക്കർഷിക്കും. തൊഴിലാളികൾക്ക് അർഹമായ കൂലി നൽകി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളേ സംഭരിക്കുകയുള്ളൂ.
- കേന്ദ്രസർക്കാർ കയർ മേഖലയുടെ ആധുനികവൽക്കരണത്തിന് വേണ്ടി കയർ ബോർഡ് വഴി ലഭ്യമാക്കിയിട്ടുള്ള 22.50 കോടി രൂപ ഉപയോഗിച്ച് 200 സെ.മീ. ഓട്ടോമാററിംഗ് ലൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കയർ വികസന വകുപ്പ് സ്വീകരിക്കുന്നതാണ്.
- തൊണ്ട് ശാസ്ത്രീയമായി സംഭരിക്കുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കും. ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിച്ചു വരുന്നു.
- കയർ മേഖലയിലെ ഗവേഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് കുടപ്പനക്കുന്നിൽ നിർമ്മാണത്തിലിരിക്കുന്ന ദേശീയ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (NCRMI) നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും.
- ആധുനിക രീതിയിൽ ഉല്പാദന ശേഷിയുള്ള കയർ ഫാക്ടറികൾ സഹകരണമേഖലയിൽ സ്ഥാപിക്കുന്നതാണ്. ചകിരിയുംജൂട്ടും നിശ്ചിത

അനുപാതത്തിൽ ചേർത്ത് യാൺ ഉണ്ടാക്കുന്ന ഫാക്ടറിയും കയർ മാറ്റിംഗ് കൊണ്ട് Coir Composite Board നിർമ്മിക്കുന്ന ഫാക്ടറിയും *സ്ഥാപിക്കുന്നതിന് 2007-08 ലെ ബഡ്ജറ്റിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.*

- കേന്ദ്ര സർക്കാർ പദ്ധതിയായ മഹിളാ കയർ യോജനയുടെ പ്രയോജനം വരും വർഷങ്ങളിൽ കൂടുതൽ പേർക്ക് ലഭ്യമാക്കും.

- കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവ ലാഭകരമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കും

- കയർ ഭൂവസ്ത്ര വികസന പദ്ധതിയ്ക്ക് പ്രത്യേക ഊന്നൽ നൽകും. Geo-textiles Development Programme ഫലപ്രദമായി നടപ്പിലാക്കുന്നതിനും ജിയോടെക്സ്റ്റയിൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും PWD Manual-ൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും.

- ഇവ കൂടാതെ Market Development Assistance, Production & Marketing Incentive, Assistance for setting up of Common Facility Service Centre തുടങ്ങി 11-ാം പഞ്ചവത്സര പദ്ധതിയിലെ സ്കീമുകളും അടുത്ത വർഷം നടപ്പിലാക്കി തുടങ്ങും.

- കേന്ദ്രാവിഷ്കൃത പദ്ധതിയായ Regeneration of Traditional Industries വഴിയായി 4 ക്ലസ്റ്ററുകൾ ചിറയിൻകീഴ്, മഞ്ചാട്, വൈക്കം, ബേപ്പൂർ *എന്നിവിടങ്ങളിൽ സ്ഥാപിക്കും.*

- ആവശ്യമായ ഘട്ടങ്ങളിൽ വിപണിയിൽ സർക്കാരിന്റെ ഇടപെടൽ ഉറപ്പുവരുത്തും. കഴിഞ്ഞ വർഷം ഡിസ്ട്രസ്സ് പർച്ചേയ്സ് പദ്ധതിയുടെ *നടത്തിപ്പിലൂടെ 860.51 ലക്ഷം രൂപയുടെ കെട്ടിക്കിടക്കുന്ന കയറും* കയറുല്പന്നങ്ങളും സംഭരിച്ച് കയർമേഖലയെ സംരക്ഷിക്കാൻ സർക്കാർ നടപടി എടുത്തിരുന്നു.

## അനുബന്ധം - 2

- കയർ ഉല്പാദന മേഖലയിൽ സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 1/4 H.P. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ വനിതാ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നുണ്ട്. പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡു വഴി റാട്ടുകൾ സൗജന്യമായി വിതരണം ചെയ്തു. കൂടാതെ പണിശാല നിർമ്മിക്കുന്നതിനു ധനസഹായവും അത്യാവശ്യം പ്രവർത്തന മൂലധനവും നൽകിയിട്ടുണ്ട്. വിപണിയിൽ ആവശ്യമുള്ള കയർ പിരിയ്ക്കുന്നതിന് ഒരു തരം കയർ പിരി അറിയാവുന്ന കയർ തൊഴിലാളികൾക്ക് മററു മൂന്നു തരം കയർ കൂടി പിരിയ്ക്കുന്നതിനുള്ള സാങ്കേതിക പരിശീലനവും കയർ ഭൂവസ്ത്ര നിർമ്മാണത്തിനുള്ള പരിശീലനവും NCRMI (National Coir Research and Management Institute) വഴി നൽകി വരുന്നുണ്ട്. കയർ ബോർഡും സംസ്ഥാന ഗവൺമെന്റും ചേർന്ന് 2005-06 സാമ്പത്തിക വർഷം മഹിളാ കയർ യോജന പ്രകാരം 18000 സ്ത്രീ തൊഴിലാളികൾക്ക് 1/4 H.P. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടിൽ കയർ പിരിയ്ക്കുന്നതിന് പരിശീലനം നൽകി. ഇവർക്ക് സൗജന്യമായി റാട്ടു വിതരണം ചെയ്തു കഴിഞ്ഞു. ഈ വർഷം 5120 സ്ത്രീ തൊഴിലാളികൾക്ക് മഹിളാ കയർ യോജനയിൽ പരിശീലനം നൽകി സൗജന്യമായി റാട്ടു വിതരണം നടത്താൻ ഉദ്ദേശിക്കുന്നു.
- ചകിരി നാരിന്റെ ദൗർലഭ്യം കണക്കിലെടുത്തുകൊണ്ട് അതിന്റെ കൂടുതൽ ലഭ്യതയ്ക്കു വേണ്ടി യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിക്കുന്ന സ്വകാര്യ സംരംഭകർക്ക് അവയുടെ സ്ഥിരമൂലധന നിക്ഷേപത്തിന്റെ 50% തുക (പരമാവധി 10 ലക്ഷം രൂപ വരെ) സബ്സിഡിയായി നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. കൂടാതെ കഴിഞ്ഞ വർഷം പരമ്പരാഗതമായി കയർ ഉല്പാദിപ്പിക്കുന്ന പ്രദേശങ്ങൾക്കു പുറത്ത് അസംസ്കൃത തൊണ്ട് ഉപയോഗപ്പെടുത്തുന്നതിനായി 7 ഡീഫൈബറിംഗ് മില്ലുകൾ സഹകരണ മേഖലയിൽ സ്ഥാപിക്കാൻ ധനസഹായം നൽകിയിരുന്നു. ഈ സ്കീമിന്റെ 75% തുകയും സർക്കാർ ഗ്രാന്റായി അനുവദിക്കുന്നുണ്ട്. ഈ വർഷം കൂടുതൽ മില്ലുകൾക്ക് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു. പദ്ധതി ധനസഹായത്തോടു കൂടി ഇത്തരത്തിലുള്ള മില്ലുകൾ തൊഴിലാളി സഹകരണ സംഘങ്ങൾ /കുടുംബശ്രീ യൂണിററുകൾ മുഖേന സ്ഥാപിക്കാനാണ് പരിപാടി യിട്ടിരിക്കുന്നത്. ഇതിനായി ബാങ്ക് ധനസഹായവും ലഭ്യമാക്കും. ഈ മില്ലുകൾ സ്പിന്നിങ്ങ് സഹകരണ സംഘങ്ങൾക്ക് ആവശ്യമായ ചകിരിനാര് നിയന്ത്രിത വിലയ്ക്ക് എത്തിച്ചു കൊടുക്കും.

- കമ്പോളത്തിലെ ആവശ്യത്തിനനുസൃതമായ ഉല്പന്നങ്ങൾ ഡിസൈൻ ചെയ്യാൻ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സോഫ്റ്റ് വെയറുള്ള കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിന് കയർ മാറ്റ്സ് & മാറ്റിങ്ങ് സംഘങ്ങൾക്ക് ധനസഹായം നൽകിവരുന്നു.
- കൂടാതെ പിത്ത് യൂട്ടിലൈസേഷൻ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് പ്രത്യേക സ്ഥിര മൂലധന നിക്ഷേപ സബ്സിഡിയായി പരമാവധി 30 ലക്ഷം രൂപവരെ നൽകുന്ന പദ്ധതി അംഗീകരിച്ച് നടപ്പിലാക്കിവരുന്നു.
- കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്നതിനായി ഒരു ദേശീയ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (NCRMI) പ്രാരംഭ പ്രവർത്തനങ്ങൾക്ക് നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കയർ ഉല്പാദന രംഗത്തെ യന്ത്രങ്ങൾ നവീകരിക്കാൻ 30 ലക്ഷം രൂപ NCRMI യ്ക്ക് നൽകിയിട്ടുണ്ട്.
- ആലപ്പുഴ കയർ വ്യവസായത്തിന്റെ പശ്ചാത്തല വികസനത്തിനായി സംസ്ഥാന ഗവൺമെന്റും കയർ ബോർഡും ചേർന്നു നൽകിയ പദ്ധതിയായ ആലപ്പി കയർ ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കാൻ 58.6 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിക്കുകയും 14.2 കോടി രൂപ 2004-05 സാമ്പത്തിക വർഷം വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. തൊണ്ടിൽ നിന്നും ചകിരി വേർതിരിക്കൽ പ്ലാന്റ്, കയർ ഉല്പാദന യൂണിറ്റുകൾ, കയർ മാറ്റിംഗ് യൂണിറ്റുകൾ, കയർ ഭൂവസ്ത്ര വികസനം, കയർ പിത്ത് സംസ്കരണ യൂണിറ്റുകൾ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ മലിനീകരണ സംസ്കരണ പ്ലാന്റ് തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ചെറുകിട കയർ ഉല്പന്ന ഉല്പാദകർക്കായി പൊതുസൗകര്യ സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ ധനസഹായം നൽകി വരുന്നുണ്ട്.
- കയർ മേഖലയിൽ Innovative Products നിർമ്മിക്കുന്നവർക്കും നൂതന ഗവേഷണങ്ങൾ നടത്തുന്നതിനും സാമ്പത്തിക സഹായം നൽകി വരുന്നു.
- മാർക്കറ്റ് ഓറിയന്റഡ് പ്രോഡക്ട് ഡെവലപ്മെന്റ് പദ്ധതി പ്രകാരം കയർ കോർപ്പറേഷനിലും, കയർഫെഡിലും, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിലും പവർലൂമുകളും മറ്റ് ആധുനിക യന്ത്രങ്ങളും സ്ഥാപിക്കുന്നതിനും മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് ഗുണമേന്മ അംഗീകാരം ലഭ്യമാക്കുന്നതിനും ധനസഹായം നൽകിയിട്ടുണ്ട്.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ- 113 22.06.2007-ൽ മറുപടിയ്ക്ക്

## സാങ്കേതിക വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പഠിക്കുവാൻ കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ അജിത് | ശ്രീ. എം. എ. ബേബി, |
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | വിദ്യാഭ്യാസവും സാംസ്കാരികകാര്യവും |
| ശ്രീ. കെ. രാജു. | വകുപ്പ് മന്ത്രി |
| ശ്രീമതി. ഇ. എസ്. ബിജിമോൾ. | |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പഠിക്കുന്നതിനും ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ സമഗ്രമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനും കമ്മീഷനെ നിയമിച്ചതെന്നാണ്; | എ | അപ്രകാരം ഒരു കമ്മീഷനെ നിയമിച്ചിട്ടില്ല. |
| ബി. | ഈ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഈ കമ്മീഷൻ എന്തെല്ലാം വിഷയങ്ങളാണ് പഠന വിധേയമാക്കിയതെന്നും പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു വെന്നും വ്യക്തമാക്കുമോ; | ബി | ബാധകമല്ല. |
| സി | ഈ കമ്മീഷന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈ രംഗത്ത് എന്തെല്ലാം പുതിയ പദ്ധതികളും പരിഷ്കാരങ്ങളും നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ? | സി | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:114

22/06/2007-ൽ മറുപടിക്ക്

## മൂന്നാറിലെ ഭൂമി കയ്യേറ്റം ഒഴിപ്പിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.രാഘവൻ:<br>ശ്രീ.സാജു പോൾ:<br>ശ്രീമതി.കെ.എസ്.സലീഖ:<br>ശ്രീ.വി.ശശികുമാർ:<br>ശ്രീമതി.കെ.കെ.ലതിക: | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മൂന്നാറിലെ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിയുക്തമായ ദൗത്യസംഘത്തിന്റെ പ്രവർത്തനപുരോഗതി വിശദമാക്കാമോ; | (എ)മൂന്നാറിലെ ഭൂമികൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിയുക്തമായ ദൗത്യ സംഘത്തിന്റെ നേതൃത്വത്തിൽ ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലെ സർക്കാർ ഭൂമിയിൽ അനധികൃത നിർമ്മാണമായി കണ്ടെത്തിയിട്ടുള്ള 91 കെട്ടിടങ്ങൾ ഒഴിപ്പിച്ച് പൊളിച്ചു നീക്കം ചെയ്തിട്ടുള്ളതാണ്. അതോടൊപ്പം അനധികൃതമായി കൈയ്യേറിയ 10153.01 ഏക്കർ സർക്കാർ ഭൂമി ദേവികുളം, ഉടുമ്പൻ ചോല താലൂക്കുകളിലെ വിവിധ വില്ലേജുകളിൽ നിന്ന് ഒഴിപ്പിച്ചെടുത്ത് സർക്കാരിലേക്ക് മുതൽകൂട്ടിയിട്ടുണ്ട്. അനധികൃതമായി കൈയ്യേറിയ സ്ഥലങ്ങളുടെ രേഖകൾ പരിശോധിച്ച് ഒഴിപ്പിക്കുന്ന നടപടികൾ തുടർന്ന് വരുന്നു. |
| (ബി) എത്ര ഹെക്ടർ ഭൂമിയാണ് ഇതുവരെ ദൗത്യസംഘം വീണ്ടെടുത്തിട്ടുള്ളത്; | (ബി)ദേവികുളം, ഉടുമ്പൻ ചോല താലൂക്കുകളിലെ വിവിധ വില്ലേജുകളിൽ 10153.01 ഏക്കർ ഭൂമിയാണ് കൈയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ചെടുത്തിട്ടുള്ളത്. |

| | |
|---|---|
| (സി) ഏറ്റെടുത്ത ഭൂമി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) ഏറ്റെടുത്ത ഭൂമി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ലാന്റ് ബാങ്കിലേക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ടി ഭൂമിയുടെ സംരക്ഷണ ചുമതല ജില്ലാതലത്തിൽ അതാത് ജില്ലാ കളക്ടർമാർക്കായിരിക്കും, താലൂക്ക് തലത്തിൽ താലൂക്ക് തഹസിൽദാർമാരും വില്ലേജ്തലത്തിൽ വില്ലേജ് ഓഫീസർമാരും ടി ഭൂമിയുടെ ഏജന്റ് ഓഫീസർമാരായിരിക്കും. ഏറ്റെടുത്ത സർക്കാർ ഭൂമിയിൽ ബോർഡ് വച്ച് പരസ്യപ്പെടുത്തും. ടി ബോർഡിൽ ഭൂമിയുടെ വിസ്തീർണ്ണം, സർവ്വെ നമ്പർ എന്നിവയും, ''അനധികൃത കയ്യേറ്റം ശിക്ഷാർഹമായിരിക്കും'' എന്ന് രേഖപ്പെടുത്തും. ഓരോ വില്ലേജിലുമുള്ള സർക്കാർ ഭൂമിയുടെ വിവരം താലൂക്കാഫീസുകളിലും വില്ലേജ് ഓഫീസുകളിലും പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കും. |
| (ഡി) പാട്ടക്കരാർ ലംഘിച്ചത് സംബന്ധിച്ച് ദൗത്യസംഘം പരിശോധനകൾ നടത്തിയിട്ടുണ്ടോ; എത്ര പേർക്കാണ് ഇതു സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുള്ളത്; | (ഡി) പാട്ടകരാർ ലംഘിച്ചത് സംബന്ധിച്ച് പ്രത്യേക ദൗത്യസംഘം പരിശോധനകൾ നടത്തിവരുന്നു. |

(ഇ) കയ്യേറ്റത്തിന് കൂട്ടുനിൽക്കുകയും വ്യാജപട്ടയം ഉണ്ടാക്കി വിതരണം ചെയ്യുകയും ചെയ്ത റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

(ഇ) കൈയ്യേറ്റത്തിന് കൂട്ടുനിൽക്കുകയും വ്യാജപട്ടയമുണ്ടാക്കി വിതരണം ചെയ്യുകയും ചെയ്തതുമായി ബന്ധപ്പെട്ട് വിവിധ തസ്തികകളിൽ ഉള്ള താഴെ പറയുന്ന 23 ജീവനക്കാരെ സസ്പെന്റ് ചെയ്ത് ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു.

1. തഹസിൽദാർ - 2
2. ഡെപ്യൂട്ടി തഹസിൽദാർ - 1
3. വില്ലേജാഫീസർമാർ - 19
4. ഫസ്റ്റ് ഗ്രേഡ് സർവ്വേയർ - 1

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 115 22/6/2007 ൽ മറുപടിയ്ക്ക്

### സ്കൂളുകളിലെ പഠന സമയത്തിലെ മാറ്റം

| ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | ഉത്തരം<br>ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ സ്കൂളുകളിലെ പഠനസമയത്തിൽ മാറ്റം വരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) പഠനസമയത്തിൽ വരുത്തുന്ന മാറ്റം മദ്രസ്സാ പഠനത്തെ ബാധിക്കും എന്ന് ചൂണ്ടിക്കാണിച്ച് ഏതെല്ലാം സംഘടനകൾ പരാതി നൽകിയിട്ടുണ്ട്; | (ബി) കേരള മദ്രസ്സ കോ-ഓർഡിനേഷൻ കമ്മിറ്റി, സമസ്ത കേരള ഇസ്ലാംമത വിദ്യാഭ്യാസ ബോർഡ്, പാനൂർ, പൂക്കം ജമാ അത്ത് പള്ളി മഹല് കമ്മിറ്റി തുടങ്ങിയ സംഘടനകൾ പരാതി നൽകിയിട്ടുണ്ട് |
| (സി) ഈ പരാതി പരിഹരിക്കുവാൻ ഇതു വരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (സി) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സമയമാറ്റത്തെക്കുറിച്ച് പരാമർശിച്ചിട്ടുള്ള കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 ന്റെ കരട് രേഖ വിവിധതലങ്ങളിലുള്ള ജനകീയ ചർച്ചയ്ക്ക് വയ്ക്കാനും ചർച്ചയുടെ ഫലം ക്രോഡീകരിച്ച് റിപ്പോർട്ടിന്റെ അന്തിമരൂപം തയാറാക്കാനും തീരുമാനിച്ചിട്ടുണ്ട് |
| (ഡി) ഇല്ലെങ്കിൽ അടിയന്തിരമായി ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) ബാധകമല്ല |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 116

22-6-2007-ൽ മറുപടിക്ക്

**കേരള വിദ്യാഭ്യാസ ചട്ടങ്ങളുടെ ഭേദഗതി**

**ചോദ്യം**

ശ്രീ. കെ.എം. മാണി

**ഉത്തരം**

ശ്രീ. എം. എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും
വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| **(എ)** കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | **(എ)** ഉണ്ട്. |
| **(ബി)** എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | **(ബി)** കേരള വിദ്യാഭ്യാസ നിയമം(1958), കേരള വിദ്യാഭ്യാസ ചട്ടം(1959) എന്നിവ പരിഷ്ക്കരിക്കുന്നതിനുവേണ്ടി ശിപാർശകൾ സമർപ്പിക്കുന്നതിനായി റിട്ട. ചീഫ് സെക്രട്ടറി ശ്രീ.സി.പി.നായർ ചെയർമാനായി ഒരു കമ്മിറ്റിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ ചെയർമാൻ കൂടാതെ ഒരു മെമ്പർ സെക്രട്ടറിയും ഏഴംഗങ്ങളുമുണ്ട്. കമ്മിറ്റി ശിപാർശകൾ സമർപ്പിക്കേണ്ട വിഷയങ്ങളെ സംബന്ധിച്ച് 'ടേംസ് ഓഫ് റഫറൻസും' സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ പ്രവർത്തന കാലാവധി 30/11/07 വരെയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 117 — 22-06-2007 ൽ മറുപടിയ്ക്ക്

# റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. പി.വിശ്വൻ :<br>ശ്രീ.എ.പ്രദീപ്കുമാർ :<br>ശ്രീ.വി.എൻ.വാസവൻ :<br>ശ്രീ.കെ.കെ.ദിവാകരൻ : | ശ്രീ. എം.വിജയകുമാർ<br>നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി |
| (എ). സംസ്ഥാനത്ത് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;<br><br>(ബി). സംസ്ഥാനത്തിന് എത്ര മേൽപ്പാലങ്ങളാണ് റെയിൽവേ ബോർഡ് അനുവദിച്ചിട്ടുള്ളത് ; . അതിൽ എത്രയെണ്ണത്തിന്റെ പണി നടക്കുന്നുവെന്ന് അറിയിക്കുമോ ; | (എ) യും (ബി) യും<br>സംസ്ഥാനത്ത് 67 റെയിൽവേ മേൽപാലങ്ങളാണ് റെയിൽ ബോർഡ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 12 എണ്ണം ഇതിനകം പൂർത്തിയാക്കി കമ്മിഷൻ ചെയ്തിട്ടുണ്ട്. 11 മേൽപ്പാലങ്ങളുടെ പണി പുരോഗമിച്ചുവരുന്നു. കൂടാതെ 11 എണ്ണത്തിന്റെ നിർമ്മാണം ആരംഭദിശയിലാണ്. അതിന്റെ എസ്റ്റിമേറ്റും, ജനറൽ ഡ്രായിംഗും അംഗീകരിക്കേണ്ടതുണ്ട്. ഒരെണ്ണത്തിന്റെ നിർമ്മാണം ടെണ്ടർ സ്റ്റേജിലാണ്. ശേഷിക്കുന്ന 32 മേൽപ്പാലങ്ങളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| (സി) അനുമതി ലഭിച്ച എത്ര മേൽപ്പാലങ്ങളുടെ പണി ഭൂമി ഏറ്റെടുത്തു നൽകുന്നതിലെ കാലതാമസം മൂലം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാക്കുമോ ; | (സി). 32 എണ്ണം |
| (ഡി). സ്ഥലം ഏറ്റെടുത്തു നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | (ഡി). സ്ഥലം ഏറ്റെടുത്ത് നൽകുന്നതുൾപ്പെടെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി റെയിവേയുടെ ചുമതലയുള്ള മന്ത്രി റെയിൽവേ ഉദ്യോഗസ്ഥരുൾപ്പെടെ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. മേൽപ്പാലങ്ങളുടെ മുൻഗണനാക്രമത്തിൽ പണി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:118

22/06/2007-ൽ മറുപടിക്ക്.

## 1999-ൽ ദേവികുളം താലൂക്കിൽ നടത്തിയ പട്ടയ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ശ്രീ.കെ.പി.രാജേന്ദ്രൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) 1999-ൽ ദേവികുളം താലൂക്കിൽ പട്ടയങ്ങൾ വിതരണം നടത്തിയിട്ടുണ്ടോ; എങ്കിൽ പട്ടയങ്ങൾ കൊടുത്തത് നിയമാനുസൃതമാണോ; | (എ) 1999-ന് മുമ്പും അതിനു ശേഷവും വിവിധ സർക്കാരുകളുടെ കാലത്ത് ദേവികുളം താലൂക്കിൽ പട്ടയങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. 1999ൽ വിതരണം ചെയ്ത പട്ടയങ്ങളുടെ നിയമസാധുതയെ സംബന്ധിച്ച് ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| (ബി) ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയതനുസരിച്ച്പട്ടയ വിതരണം നടത്താൻ ഡെപ്യൂട്ടി തഹസിൽദാർമാർക്ക് അധികാരമുണ്ടോ; | (ബി) 1998-99 കാലയളവിൽ ദേവികുളം താലൂക്കിലെ ഹെഡ് ക്വാർട്ടേഴ്സ് ഡെപ്യൂട്ടി തഹസിൽദാർ ആയിരുന്ന ശ്രീ.എം.ഐ.രവീന്ദ്രൻ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം അഡീഷണൽ തഹസിൽദാരുടെ ചുമതല വഹിച്ചിരുന്ന കാലയളവിൽ പട്ടയ വിതരണം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിയമാനുസൃതമല്ലാത്ത കാരണങ്ങളാൽ ഇങ്ങനെ നടത്തിയ പട്ടയങ്ങൾ റദ്ദാക്കുമോ; | (സി) | നിയമാനുസൃതമല്ലെന്ന് കണ്ടെത്തിയാൽ ഇങ്ങനെ നല്കിയ പട്ടയങ്ങൾ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പട്ടയ വിതരണം നടത്തിയ കൂട്ടത്തിൽ ഏതെങ്കിലും പാർട്ടി ഓഫീസുകൾക്കു പട്ടയം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പ്രസ്തുത പട്ടയങ്ങൾ റദ്ദാക്കാൻ മൂന്നാറിൽ സർക്കാർ നിയോഗിച്ച പ്രത്യേക ദൗത്യസംഘം എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.113

22.06.07-ൽ മറുപടി
നൽകേണ്ടത്.

## ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ.കെ.അച്ചുതൻ | മറുപടി<br>ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
|---|---|
| (എ) ആറളം ഫാമിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (എ) ആറളം ഫാമിൽ അർഹരായ ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. |
| (ബി) എത്ര ആദിവാസി കുടുംബങ്ങൾക്കാണ് ഇവിടെ ഭൂമി നൽകുന്നത്; | (ബി) ആറളം ഫാമിലെ ഒന്നാം ഘട്ട ഭൂമി വിതരണത്തിൽ 840 പട്ടിക വർഗ്ഗ കുടുംബങ്ങളെ തെരഞ്ഞെടുത്ത് 751 കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ട്. രണ്ടാം ഘട്ട ഭൂമി വിതരണത്തിനായി 2000 കുടുംബങ്ങളെ 25.03.07 ന് ചേർന്ന ജില്ലാ ആദിവാസി മിഷൻ തെരഞ്ഞെടുത്തിരുന്നു. അവരുടെ അർഹത ഉറപ്പു വരുത്തുന്നതിന് വില്ലേജ് ആഫീസർമാർ മുഖാന്തിരം പുനരന്വേഷണം നടത്തിയതിൽ 1717 കുടുംബങ്ങൾ അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഇതുവരെ എത്ര കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തു; | (സി) ഇതുവരെ 751 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) ഈ സ്ഥലം ആരെങ്കിലും കയ്യേറിയിട്ടുണ്ടോ; വിശദ വിവരം നൽകുമോ? | (ഡി) നിലവിൽ ആറളം ഫാമിൽ ഭൂമി കയ്യേറിയവർ ഈ ഭൂമിയിൽ സ്ഥിര താമസമില്ലാത്തവരാണ്. ആറളം ഫാമിലെ ഭൂമി വിതരണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഭൂമി കൈയ്യേറ്റ പ്രശ്നം പരിഹരിക്കുവാൻ കഴിയുന്നതാണെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.120 — 22.06.2007-ൽ മറുപടിക്ക്

## ഭൂമി കയ്യേറ്റം ഒഴിപ്പിക്കാൻ ജില്ലാതല ദൗത്യസംഘങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് എം.എൽ.എ<br>ശ്രീ.സുരേന്ദ്രൻ പിള്ള എം.എൽ.എ | | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| എ) | സർക്കാർ വക ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ജില്ലാതലത്തിൽ ദൗത്യസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ; | എ) | രൂപീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ടാസ്ക് ഫോഴ്സുകൾ കൂടാതെ ജില്ലാതലത്തിൽ ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ ടാസ്ക്ഫോഴ്സുകളും, താലൂക്ക് തലത്തിൽ തഹസീൽദാർ, അഡീഷണൽ തഹസീൽദാർ എന്നിവരുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സുകളും പ്രവർത്തിച്ചു വരുന്നു. |
| ബി) | കയ്യേറ്റങ്ങളെക്കുറിച്ച് പഠിക്കുന്നതിനും അവ ഒഴിപ്പിക്കുന്നതിനുമുള്ള പ്രവർത്തന രീതി വിശദീകരിക്കുമോ; | ബി) | കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനുള്ള ടാസ്ക് ഫോഴ്സുകൾ അവരുടെ പ്രവർത്തനപരിധിയിൻ കീഴിൽ വരുന്ന വില്ലേജുകളിലെ പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ കാണിക്കുന്ന രജിസ്റ്റർ പ്രകാരവും, പൊതുജനങ്ങളിൽ നിന്നും കിട്ടുന്ന പരാതികളുടെ അടിസ്ഥാനത്തിലും പുറമ്പോക്ക് ഭൂമി സർവ്വെ നടത്തി കയ്യേറ്റങ്ങൾ ഉണ്ടെന്നു കണ്ടെത്തുന്ന പക്ഷം 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം, കയ്യേറ്റക്കാർക്ക് നിശ്ചിത സമയത്തിനുള്ളിൽ ഒഴിഞ്ഞു പോകുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ നോട്ടീസ് നൽകുന്നു. ഇപ്രകാരം നോട്ടീസ് ലഭിച്ചിട്ടും ഒഴിഞ്ഞു പോകാത്തവരെ സംബന്ധിച്ച വിവരങ്ങൾ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ടാസ്ക് ഫോഴ്സിന് കൈമാറുകയും അവർ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കുകയും ചെയ്യുന്നു. |
| സി) | ജില്ലാതല ദൗത്യസംഘങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | സി) | വിലയിരുത്തിയിട്ടുണ്ട്. ജില്ലാതല ദൗത്യസംഘങ്ങളുടെ പ്രവർത്തന പുരോഗതി ആഴ്ചയിൽ ഒരിക്കൽ യോഗം വിളിച്ചുകൂട്ടി ജില്ലാ കളക്ടർമാർ വിലയിരുത്തി വരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട എല്ലാ റവന്യൂ ഉദ്യോഗസ്ഥരുടേയും ഒരു യോഗം 1.06.2007-ന് ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കയ്യേറ്റങ്ങളെക്കുറിച്ച് വിലയിരുത്തുവാൻ വില്ലേജ് തലത്തിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി കമ്മിറ്റികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ